കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി3/2626/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20
ഫോൺ. 0495-2371012
E-mail: dokkd.ksad@kerala.gov.in
തീയ്യതി : 05.01.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ,

വിഷയം :കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം.18,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടിഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.കെ.ഡി/പി3/2626/2018 തീയതി 05.01.2019

## കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -

വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29.8.2017 മുതൽ 09.11.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 ഓഡിററ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിററ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും,വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സതീഷ് മാവേലി പുത്തൻവീട്,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.11.2018മുതൽ 21.11.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. മനോഹരൻ.എം. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി. ഷൈന.എ.കെ. | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ജിഷ സാമുവൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ജിഷ.പി. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. പി. അപ്പുക്കുട്ടൻ | 01.04.2017മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീമതി. എൻ. ആർ. രാധിക | 01.04.2017മുതൽ 31.03.2018വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. കെ. കെ. വേലായുധൻ | 1.4.2017മുതൽ 30.10.2017വരെ |
| | ശ്രീമതി.ബിസിനി | 1.11.2017 മുതൽ 31.3.2018 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി. പി. എം. റുമൈസ | 1.4.2017മുതൽ 31.3.2018വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി. പുഷ്പലത.കെ.വി. | 1.4.2017മുതൽ 31.3.2018വരെ |
| കൃഷി ഓഫീസർ | ശ്രീമതി. സ്വപ്ന | 1.4.2017മുതൽ 31.3.2018വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. കെ. എസ്. സജി | 1.4.2017മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. മുഹമ്മദ് മുസ്തഫ | 1.4.2017മുതൽ 23.7.2017വരെ |
| | ഡോ.ബിന്ദു ജോസഫ് | 24.7.2017മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ ( ഹോമിയോ ) | ഡോ. പി. ആർ. ആനന്ദ് | 1.4.2017മുതൽ 04.6.2017വരെ |
| | ഡോ.ജിഷ.എൻ. | 5.6.2017 മുതൽ 31.3.2018 വരെ |
| വി. ഇ. ഒ | ശ്രീ.ജയകുമാർ<br>ശ്രീമതി.അനലിബ | 01.04.2017മുതൽ 31.01.2018 വരെ<br>01.02.2018 മുതൽ 31.03.2018വരെ |
| ഐ. സി. ഡി. എസ് സൂപ്പർവൈസർ | ശ്രീമതി. പി. ജ്യോതി ലക്ഷ്മി | 1.4.2017മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ ( പി. എച്ച്. സി ) | ഡോ. സി. ഉണ്ണികൃഷ്ണൻ | 1.4.2017മുതൽ 31.3.2018വരെ |

| | | |
|---|---|---|
| | | |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. കെ. കെ. പുരുഷോത്തമ പ്രസാദ് | 1.4.2017മുതൽ 23.6.2017 വരെ |
| | ശ്രീ.നിഷാന്ത്.ആർ. | 24.6.2017 മുതൽ 31.3.2018 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

20.3.2017തീയതിയിലെ 36/17 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 19.3.2018 തീയതിയിലെ 87/18തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്തരാജ് നിയമം സെക്ഷൻ 214 പ്രകാരം വികസനപദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേററ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ ജനവരി 15 ന മുമ്പായി തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്ററാൻഡിംഗ് കമ്മിററി ബജററ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുമ്പാകെ അംഗീകാരത്തിനായി വെയ്ക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് ധനകാര്യ സ്ററാൻഡിംഗ് കമ്മിററി 10.3.2017ലെ 11/17 തീരുമാനപ്രകാരം കരട് ബജററ്ചർച്ച ചെയ്യുകയും15.3.2017ലെ 18/17നമ്പർ തീരുമാന പ്രകാരം ബജററ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 16.3.2017 ലാണ് ബജററ് ഭരണസമിതിയിലേക്ക് ശുപാർശ ചെയ്തിട്ടുള്ളത്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 15.05.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11.6.2018 മുതൽ 12.6.2018 | കെഎസ്എ.കെ.കെ.ഡി./ പി3/1111 /18(35)/16.7.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11946485 |
| വരവ് | 67315285 |

| | |
|---|---|
| ആകെ | 79261770 |
| ചെലവ് | 73475749 |
| നീക്കിയിരിപ്പ് | 5786021 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 18853762 | 18853762 | 14491698 | 4362064 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 7961350 | 7961350 | 5977093 | 1984257 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 6000 | 6000 | ----- | 6000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 5176699 | 5176699 | 3646924 | 1529775 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 3648029 | 3648029 | 3371583 | 276446 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 8444293 | 8444293 | 8297434 | 146859 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 3589914 | 3589914 | 3206036 | 383878 |
| സാക്ഷരത | 1354 | 92 | 1446 | ----- | 1446 |
| ദുരിതാശ്വാസനിധി | | | | | |
| സമ്പൂർണ്ണശുചിത്വം | 11748 | 374210 | 385958 | 366789 | 19169 |
| പൈക്ക | 86408 | 3028 | 89436 | 87069 | 2367 |

| | | | | | | |
|---|---|---|---|---|---|---|
| ബഡ്സ് ഫണ്ട് | | 142495 | 219817 | 362312 | 71719 | 290593 |
| ഗുണഭോക്തൃ വിഹിതം | | ---- | 727930 | 727930 | 677930 | 50000 |
| വിമുക്തി | | 16000 | 12500 | 28500 | 0 | 28500 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 12697253 | 12697253 | 12697253 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5043 | 925783 | 930826 | 925171 | 5655 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) എസ്.എസ്.എ. | | 1706 | 51 | 1757 | ---- | 1757 |
| എം.പി.ഫണ്ട് | | 41608 | 1260643 | 1302251 | 1254681 | 47570 |
| ഐ.സി.ഡി.എസ്. | | 1003270 | 296036 | 1299306 | 487830 | 811476 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) പശ്ചിമഘട്ട വികസന പദ്ധതി | | 888 | 27 | 915 | 0 | 915 |
| എം.എൻ.ലക്ഷം വീട് | | 2247672 | 91011 | 2338683 | 0 | 2338683 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 400000 | 1842500 | 2242500 | 1365571 | 876929 |
| | ജില്ലാ പഞ്ചായത്ത് | 0 | 3007276 | 3007276 | 932680 | 2074596 |
| ബി ഫണ്ട് | | | 49442762 | 49442762 | 49442762 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 4751608 | 10286000 | 15037608 | 12701730<br>3889779<br>(റിഡംപ്ഷൻ തുക) | (-)1553901 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3128777 | 6554313 | 9683090 | 5501734 | 4181356 |

| | | | | | | |
|---|---|---|---|---|---|---|
| | ട്രഷറി അക്കൗണ്ട് | 0 | 101534 | 101534 | 101534 | 0 |
| മറ്റിനം | | | | | | |

കുറിപ്പ് :- ടി.എസ്.ബി.അക്കൌണ്ടിലെ ജനറൽ പർപ്പസ് ഗ്രാന്റിന്റെ മുന്നിരിപ്പ് തുകയുടെ കൃത്യത ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ടി.എസ്.ബി.അക്കൌണ്ടിൽ നിന്നും 29.3.2018ന് 3889779/- രൂപ സർക്കാർ റിഡംപ്ഷൻ തുകയായി പിൻലിച്ചതിനാൽ 31.3.2018ന് അക്കൌണ്ടിലെ നീക്കിയിരിപ്പ് (-)1553901/- രൂപയാണ്. 7.4.2018 ന് പ്രസ്തുത തുക അക്കൌണ്ടിൽ തിരികെ നിക്ഷേപിച്ചിട്ടുണ്ട്. അതുപോലെ സംയുക്ത പ്രൊജക്ടിനായുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൌണ്ടിൽ നിന്നും 29.3.2018 ന് 3471116/-രൂപ സർക്കാർ റിഡംപ്ഷൻ തുകയായി പിൻവലിച്ചിട്ടുണ്ട്. ആയതിനാൽ 31.3.2018ന് സ്പെഷ്യൽ ടി.എസ്.ബി. അക്കൌണ്ടിലെ നീക്കിയിരിപ്പുതുക (-)519591/-രൂപയാണ്. റിഡംപ്ഷൻ തുക 7.4.2018 ന് അക്കൌണ്ടിൽ തിരികെ ക്രെഡിററുചെയ്തിട്ടുണ്ട്. തനതു ഫണ്ടിന്റെ വിവിധ അക്കൌണ്ടുകളിൽ നിന്നുമുള്ള വരവുചെലവുകണക്കുകൾ പ്രത്യേകം സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടി.എസ്.ബി അക്കൌണ്ടിലും വിവിധ ബാങ്ക് അക്കൌണ്ടിലുമുള്ള തനതുഫണ്ടിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
നോൺ ഓപ്പറേറ്റിംഗ് അക്കൗണ്ടുകളായ എസ്.എസ്.എ., സാക്ഷരത, ദേശീയ വാർദ്ധക്യകാല പെൻഷൻ, പശ്ചിമ ഘട്ട വികസന പദ്ധതി എന്നിവ ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് തുക എസ്.ബി.ഐ. അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 211 | 102471859 | 135 | 49311889 | 22 | 54 | 64 |

പദ്ധതി നിർവ്വഹണത്തിൽ മോണിട്ടറിംഗ് സംവിധാനം വേണ്ടത്ര ഫലപ്രദമായിരുന്നില്ല. അതിനാൽ ഒട്ടേറെ പ്രൊജക്ടുകൾ 2017-18 ൽ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഡി.പി.സി. അഗീകാരം ലഭിച്ച 211 പ്രൊജക്ടുകളിൽ 135 എണ്ണം പൂർണ്ണമായും, 22 എണ്ണം ഭാഗികമായും നടപ്പാക്കിയിട്ടുണ്ട്. 14 പ്രൊജക്ടുകൾ വിവിധ കാരണങ്ങളാൽ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. 62 പ്രൊജക്ടുകൾ 2018-19 വർഷത്തേക്ക് സ്പിൽ ഓവർ ആയി കൊണ്ടുവന്നിട്ടുണ്ട്.

ഡി.പി.സി.അംഗീകാരം ലഭിച്ച മരാമത്തു പ്രൊജക്ടുകളിൽ സാങ്കേതികാനുമതിക്കായി സമർപ്പിക്കുന്നതിൽ അനാവശ്യ കാലതാമസം വന്നിട്ടുണ്ട്.ആയതിനാൽ മരാമത്തു പ്രവൃത്തികളിൽ 33 പ്രൊജക്ടുകൾ 2017-18 വർഷം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.സാങ്കേതികാനുമതി ലഭിച്ചതിനുശേഷം ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരുമായി സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പ് കരാർ വെയ്ക്കാൻ സാധിക്കാത്തതിനാൽ ചില പ്രൊജക്ടുകൾ സ്പിൽഓവറായി കൊണ്ടുവരാൻ സാധിക്കാത്ത അവസ്ഥയിൽ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. മിനട്സ് ബുക്ക് പരിശോധിച്ചതിൽ മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് തീർത്തും നിഷ്ക്രിയമാണെന്നു കാണുന്നു. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. ഇത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

ഉൽപാദനമേഖലയിൽ ഒട്ടു മിക്ക പ്രൊജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക മേഖലയിലും മൃഗസംരക്ഷണ മേഖലയിലും പതിവു ശൈലിയിലുള്ള പ്രൊജക്ടുകൾ തന്നെയാണ് തൻവർഷവും നടപ്പിലാക്കിയിട്ടുള്ളത്. കേരളപഞ്ചായത്തീരാജ് നിയമം 166ാം വകുപ്പ് 3ാം പട്ടിക പ്രകാരം കാർഷിക മേഖലയിൽ ഗ്രാമപഞ്ചായത്തിന്റെ പ്രഥമ ചുമതല തരിശുഭൂമികളും പ്രാന്ത പ്രദേശങ്ങളും കൃഷിക്ക് ഉപയുക്തമാക്കുകയെന്നതാണ്. ഗ്രാമപഞ്ചായത്തിലെ ഡാററാ രജിസ്റ്റർ പ്രകാരം 12 ഹെക്ടർ ഭൂമി തരിശായി കിടക്കുന്നുവെങ്കിലും തരിശുഭൂമിയിൽ കൃഷി ചെയ്യാൻ പ്രൊജക്

ടുകളൊന്നും രൂപീകരിച്ചിട്ടില്ല. കൃഷിഭവൻ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. കേരളപഞ്ചായത്തീരാജ് നിയമം വകുപ്പ് 3എ(സി) പ്രകാരം വിവിധ പദ്ധതികൾക്കായി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കേണ്ടത് ഗ്രാമസഭയാണ്. എന്നാൽ മാനസിക ശാരീരികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ ഗുണഭോക്താക്കളെ ഗ്രാമസഭയുടെ അംഗീകാരമില്ലാതെയാണ് തെരെഞ്ഞെടുത്തിട്ടുള്ളത്.

റോഡ് വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് റോഡ് കണക്ടീവിററി പ്ലാനും മാപ്പും ഇല്ലാതെയാണ്. ആയതിനാൽ സമഗ്രമായ റോഡ് വികസനം സാധ്യമാക്കുന്ന തരത്തിൽ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കാൻസർ, കിഡ്നി രോഗങ്ങൾ മുൻകൂട്ടി നിർണ്ണയിക്കുന്നതിന് ക്യാമ്പ് നടപ്പിലാക്കുന്ന പദ്ധതി നടപ്പാക്കിയെങ്കിലും പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറിയ്ക്കുള്ള ധനസഹായം ലഭ്യമാക്കുന്ന പദ്ധതിയിൽ ഗുണഭോക്താക്കളുടെ അർഹതമാനദണ്ഡം പരിശോധിച്ച് ഉറപ്പുവരുത്താതെ ആനുകൂല്യം നൽകിയിട്ടുണ്ട്. മാനസിക ശാരീരികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള സംയുക്ത പ്രൊജക്ടിന് ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ വിഹിതത്തിലും അധികരിച്ച് ചെലവുചെയ്തിട്ടുണ്ട്. മാലിന്യനിർമ്മാർജ്ജന പദ്ധതിക്കായി തുക വകയിരുത്തിയിരുന്നുവെങ്കിലും നാമമാത്ര തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വികസന സ്റ്റാൻഡിംഗ് കമ്മിററി യുടെ ഇടപെടൽ വേണ്ടത്ര കാര്യക്ഷമമായിരുന്നില്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5043 | 925783 | 930826 | 925171 | 5655 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 12697253 | 12697253 | 12697253 | 0 |
| ആകെ | 5043 | 13623036 | 13628079 | 13622424 | 5655 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 189360 | 318 |
| കർഷകതൊഴിലാളി പെൻഷൻ | 5446500 | 477 |
| വിധവാപെൻഷൻ | 14842500 | 1264 |
| വാർദ്ധക്യകാലപെൻഷൻ | 22238800 | 1843 |
| വികലാംഗപെൻഷൻ | 3987100 | 355 |
| 50വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1623900 | 194 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 750000 | 25 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.11.2018ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9966/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഏറെക്കുറെ ശ്രദ്ധിച്ചിട്ടുണ്ട്.

ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്തരാജ് നിയമം സെക്ഷൻ 214 പ്രകാരം വികസനപദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ ജനവരി 15 നു മുമ്പായി തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്ററാൻഡിംഗ് കമ്മിററി ബജററ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുമ്പാകെ അംഗീകാരത്തിനായി വയ്ക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് ധനകാര്യ സ്ററാൻഡിംഗ് കമ്മിററി 10.3.2017ലെ 11/17 തീരുമാനപ്രകാരം കരട് ബജററ്ചർച്ച ചെയ്യുകയും15.3.2017ലെ 18/17നമ്പർ തീരുമാന പ്രകാരം ബജററ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 16.3.2017 ലാണ് ബജററ് ഭരണസമിതിയിലേക്ക് ശുപാർശ ചെയ്തിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ വരവുചെലവു കണക്ക് സൂക്ഷിപ്പും രജിസ്റ്ററുകളുടെയും രേഖകളുടെയും സുരക്ഷിതമായ സൂക്ഷിപ്പും തൃപ്തികരമാണ്. വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ വേർതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. വരവുകളും ചെലവുകളും കൃത്യമായി അക്കൌണ്ടു ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ബിൽ രജിസ്റ്റർ, ചെക്ക്&ഡ്രാഫ്ററ് രജിസ്ററർ, ഡി.സി.ബി.ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, നികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിററ് രജിസ്ററർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. രശീതി പ്രകാരമുള്ള ദൈനംദിന പണംപിരിവ്, ഒടുക്ക്, എന്നീ പ്രവർത്തനങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി വരവിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് മേൽനോട്ട സംവിധാനം കാര്യക്ഷമമല്ലെന്നു കാണുന്നു. പിരിവിന്റെ കളക്ഷൻരജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിൽ ന്യൂനതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ധനപരമായ ഇടപാടുകൾ രേഖപ്പെടുത്തുന്ന അടിസ്ഥാന രേഖയായ വൗച്ചറുകൾ ക്രമമായി സൂക്ഷിക്കുന്നതിൽ വീഴ്ചവന്നിട്ടുണ്ട്. ബിൽ രജിസ്റ്ററിൽ പ്രതിമാസ വൌച്ചറുകളുടെ ചെലവു വിവരം രേഖപ്പെടുത്തി സൂക്ഷിച്ചുവരുന്നുണ്ടെങ്കിലും വൌച്ചർ നമ്പർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ശമ്പളപരിഷ്കരണ കുടിശ്ശികയനുവദിച്ചപ്പോൾ അധികരിച്ച നിരക്കിലുള്ള ശമ്പളത്തിന്മേൽ ഈടാക്കേണ്ട പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കാതിരുന്നത് പ്രധാന വീഴ്ചയാണ്. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

ഭരണകാര്യക്ഷമത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പൌരാവകാശ രേഖ പ്രസിദ്ധീകരിച്ച് പഞ്ചായത്ത്പരിധിയിലെ ജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ നിശ്ചിത സമയപരിധിക്കകം ലഭ്യമാക്കുന്നുമെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിച്ചു കാണുന്നില്ല.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. പ്രൊക്യൂർമെന്റ് കമ്മിററിയുടെ മിനുട്സ് പരിശോധിച്ചതിൽ കമ്മിററിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നു കാണുന്നു.

മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം ഫലപ്രദമല്ലാതിരുന്നതിനാൽ ഒട്ടേറെ പ്രൊജക്ടുകൾ നടപ്പാക്കാൻ കഴിയാത്ത അവസ്ഥയുണ്ടായി. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിററി പദ്ധതി ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിൽ വേണ്ടത്ര ഇടപെടൽ നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടില്ല. ഇത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. പല പ്രൊജക്ടുകളും യഥാസമയം നടപ്പിലാക്കാൻ കഴിയാതെ ലഭ്യമായ ഫണ്ടുകൾ നഷ്ടപ്പെടാനിടയാക്കി. ആസ്തി രജിസ്റ്ററുകൾ യഥാസമയം കാലികമാക്കുന്നില്ല. പല ആസ്തികളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വക വാഹനത്തിന്റെ ശരിയായ ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവ ഉറപ്പുവരുത്തുന്നത് കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയാണ്. ഈ ചുമതല നിറവേററുന്നതിലുണ്ടായ വീഴ്ചകൾ ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുണ്ട്.

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനും ധനപരമായ ഇടപാടുകളിൽ മേൽനോട്ടം വഹിക്കുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

## 1-11 മററ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.9.2018 മുതൽ 19.9.2018 വരെ | 7/18,8/18 | 5.10.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 2009-10 | 26.3.2013 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. വി.ഇ.ഒ, വെറ്ററനറി സർജ്ജൻ എന്നീനിർവ്വഹണ ഉദ്യോഗസ്ഥർ സൂക്ഷിക്കുന്ന രജിസ്ററുകൾ പരിശോധിച്ചതിൽ

സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കുന്നില്ലെന്ന് കണ്ടു. കൂടാതെ വി.ഇ.ഒ 7A പ്രകാരമുള്ള ക്യാഷ് ബുക്ക് ഉപയോഗിക്കുന്നില്ല.

2. തനത് ഫണ്ടിന്റെയും എം.പി.ഫണ്ടിന്റെയും എ.സി.ആർ പരിശോധിച്ചതിൽ യഥാക്രമം 1500 രൂപയും 500 രൂപയും ബന്ധപ്പെട്ട ബാങ്കുകൾ പദ്ധതി ചെലവുകൾക്കല്ലാതെ അക്കൗണ്ടിൽ നിന്ന് തെററായി കുറവ് വരുത്തിയിരിക്കുന്നു.
3. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.
4. ഡി.സി.ബി.റിപ്പോർട്ട്, എ.എഫ്.എസ്.എന്നിവ പ്രകാരമുള്ള വസ്തുനികുതി കുടിശ്ശിക തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. മുൻ വർഷത്തെ എ.എഫ്.എസ്.(B-15) പ്രകാരം വസ്തുനികുതി (റസിഡൻഷ്യൽ) ഇനത്തിൽ 4,91,030 രൂപ കുടിശ്ശികയുണ്ട്. എന്നാൽ തൻവർഷത്തെ ഡി.സി.ബി. റിപ്പോർട്ട് പ്രകാരം 6,32,010 രൂപയാണ് കുടിശ്ശികയായി കാണിച്ചിരിക്കുന്നത്.കൂടാതെ മുൻവർഷത്തെ എ.എഫ്.എസ്.(B-15) പ്രകാരം വസ്തുനികുതി (നോൺ റസിഡൻഷ്യൽ) ഇനത്തിൽ 6,67,090 രൂപ കുടിശ്ശികയുണ്ട്. എന്നാൽ തൻവർഷത്തെ ഡി.സി.ബി.റിപ്പോർട്ട് പ്രകാരം 8,02,116 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
5. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 രസീതി പിരിവിലെ അപാകതകൾ

കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 29.8.17 മുതൽ 11.11.18 വരെയുള്ള രസീതികൾ പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പിരിച്ചെടുത്ത തുക സംബന്ധിച്ച വിവരം പിരിവ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| രസീതി ബുക്ക് നമ്പർ | രസീതി നമ്പർ | പിരിവ് തുക | തിയ്യതി |
|---|---|---|---|
| 12796 | 20 | 300000 | 10/04/18 |

2)ക്യാൻസൽ ചെയ്ത രസീതികളിൽ കാരണം രേഖപ്പെടുത്തുന്നില്ല .

ക്യാൻസൽ ചെയ്ത രസീതികളിൽ കാരണം രേഖപ്പെടുത്തുകയോ സെക്രട്ടറി ഒപ്പ് വയ്ക്കുകയോ ചെയ്തിട്ടില്ല. ക്യാൻസൽ ചെയ്ത രസീതിയുടെ നമ്പറും ക്യാൻസൽ ചെയ്യാതായുള്ള വിവരവും കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

ഉദാ:-

| രസീതി ബുക്ക് നമ്പർ | രസീതി നമ്പർ |
|---|---|
| 15750 | 43 |
| 12776 | 61, 86 |

| | |
|---|---|
| 12783 | 23, 26 |
| 15745 | 50, 72 |
| 15746 | 7, 53 |
| 22742 | 37 |

3) ഒരേ രസീതി ബുക്കിലെ വരവുകൾ തുടർച്ചയായി എഴുതുന്നില്ല.

രസീതി പ്രകാരം പിരിച്ചെടുക്കുന്ന തുക സംബന്ധിച്ച വിവരം കലക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ ക്രമ പ്രകാരം രേഖപ്പെടുത്താതെ പല പേജുകളിലായാണ് രേഖപ്പെടുത്തുന്നത്.

ഉദാ:

| രസീതി ബുക്ക് നമ്പർ | രസീതി നമ്പർ (പേജ്) | രസീതി നമ്പർ (പേജ്) |
|---|---|---|
| 12785 | 1 (64) | 2 മുതൽ 100 വരെ (71-77) |
| 15750 | 1 മുതൽ 80 (35-39) | 81 മുതൽ 100 വരെ (57- 58) |

4)വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല

രസീതി പ്രകാരമുള്ള തുക കലക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും കക്ഷിയുടെ പേര് എന്ന കോളത്തിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ശ്രീമതി. ബിന്ദു.പി.സി, ക്ലാർക്കിന്റെ കളക്ഷൻ രജിസ്റ്റർ ഹാജരാക്കിയിട്ടുള്ളത് ഇപ്രകാരമാണ്.

ഉദാ :

| രസീതി ബുക്ക് നമ്പർ | അപാകത |
|---|---|
| 22754 | വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുന്നില്ല |

5)രസീതി പുസ്തകങ്ങൾ , കലക്ഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ച് തുക പിരിച്ചെടുക്കുന്നതിന്റെയുംഅടവാക്കുന്നതിന്റയും കൃത്യത മേലുദ്യോഗസ്ഥർ ഉറപ്പു വരുത്തുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 31/2017-18 തിയ്യതി 21.11.2018ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. രശീതി പുസ്തകങ്ങൾ പ്രകാരമുള്ള പിരിവ് കളക്ഷൻ രജിസ്റ്ററിൽ ശരിയായ രീതിയിൽ രേഖപ്പെടുത്തേണ്ടതും പിരിവ് തുകയുടെയും ഒടുക്കിന്റെയുംകൃത്യത മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 വാടക വരുമാനം നഷ്ടമാകുന്നു

ഗ്രാമപഞ്ചായത്തിലെ വാടക രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്തിന് പറമ്പിൽ ബസാറിൽ വനിതാ വ്യവസായ കേന്ദ്രത്തിൽ 17മുറികൾ ഉള്ള വാടക കെട്ടിടം ഉണ്ട്. കെട്ടിട വാടക രജിസ്റ്റർ പ്രകാരം 2017-18 വർഷം ആകെ 8 മുറികൾ വാടകയ്ക്ക് നൽകിയതായും 9 മുറികൾ വാടകയ്ക്ക് നൽകാതെ അവശേഷിക്കുന്നതായുംകാണുന്നു. 2018-19 ലും 4 മുറികൾ ഓഡിറ്റ് തിയ്യതി വരെയും വാടകയ്ക്ക് നൽകിയതായി കാണുന്നില്ല. മുറികൾ വാടകയ്ക്ക് നൽകാത്തതിനാൽ പഞ്ചായത്തിന് വാടക ഇനത്തിൽ ലഭിക്കേണ്ട

വരുമാനം നഷ്ടമാകുന്നു. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി യോഗത്തിൽ പ്രസ്തുത മുറികൾ വാടകക്ക് നൽകുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിലും നാളിതുവരെ ഫലപ്രാപ്തിയിലെത്തിയിട്ടില്ല. മാത്രമല്ല കെട്ടിട വാടക സംബന്ധിച്ച ബൈലോ ഗ്രാമപഞ്ചായത്ത് നാളിതുവരെ തയ്യാറാക്കിയിട്ടുമില്ല. കെട്ടിട വാടകയിനത്തിലെ വരവ് നഷ്ടപ്പെടാതിരിക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഫലപ്രദമായ ഇടപെടലുകൾ നടത്തിക്കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/2017-18 തിയ്യതി 21.11.18 ന് ലഭ്യമാക്കിയി മറുപടി ഗ്രാമപഞ്ചായത്തിലെ വനിത വ്യവസായ കേന്ദ്രത്തിലെ മുറികൾ 2017-18 വർഷത്തിൽ ലേലം ചെയ്തിരുന്നുവെങ്കിലും 4 മുറികൾ ലേലത്തിൽ പോയിട്ടില്ല എന്നാണ് അറിയിച്ചത്. എന്നാൽ മേൽ മുറികൾ വാടകക്ക് നൽകുന്നതിനായി പുനർലേലം നടത്താത്തത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്. 1995 ലെ കേരള പഞ്ചായത്ത് രാജ്(ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം ബൈലോ ഉണ്ടാക്കേണ്ടതും, ചട്ടം 3(6) പ്രകാരം ബൈലോയ്ക്ക് അംഗീകാരം വാങ്ങേണ്ടതുമാണ്. ലേലത്തിൽ പോകാത്ത 4 മുറികൾ ലേലം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

2017-18 ൽ പഞ്ചായത്തിന്റെ തൊഴിൽ നികുതി വരവ് സംബന്ധിച്ച രേഖകൾ (ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ) പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഡിമാന്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

2017-18 സാമ്പത്തിക വർഷ ഡിമാന്റ് രജിസ്റ്ററിൽ കച്ചവടക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ അപൂർണ്ണമാണ്. കച്ചവടക്കാരന്റെ പേരും ഈടാക്കിയ തുകയും മാത്രമാണ് പൂർണ്ണമായും രേഖപ്പെടുത്തിയിട്ടുള്ളത്. ജോലി, സ്ഥാപനം, അർദ്ധവാർഷിക വരുമാനം എന്നിവ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2.മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല

പഞ്ചായത്ത് പരിധിയിലെ പല അൺഎയ്ഡഡ് വിദ്യാഭ്യാസ്ഥാപനങ്ങളുടെയും സ്ഥാപന തൊഴിൽ നികുതി ഡമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല
ഉദാ:-

1. പീസ് ഇന്റർനാഷണൽ സ്കൂൾ

2. മുസ്ലീം ഓർഫനേജ് കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ്

3. സെന്റ് ഫിലിപ്പ് നേരി കോൺവെന്റ് സ്കൂൾ

4. വ്യാസ വിദ്യാപീഠം

2. താഴെ പറയുന്ന സ്ഥാപനങ്ങളിലെ സ്ഥാപന നികുതിയും ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല

1.ഹിക്മ പബ്ലിക് സ്കൂൾ

2.മർക്കസ് അൽഹിലാൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ

മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയഓഡിറ്റ് എൻക്വയറി നം. 32 /2017-18 തീയതി 21.11.2018 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും ചോർച്ച കൂടാതെ പിരിച്ചെടുക്കുന്നു എന്നുറപ്പു വരുത്തേണ്ട ഉത്തരവാദിത്തം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്കും ഉദ്യോഗസ്ഥർക്കുമുണ്ട്. നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിന് ബജറ്റ് ചർച്ചകളിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. തൊഴിൽ നികുതി അടവാക്കാത്തവരിൽ നിന്നും ആയത് ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ- കുറവ് വന്ന തുക ഈടാക്കേണ്ടതാണ്

കുരുവട്ടൂർ ഗ്രാമ പഞ്ചായത്ത് 2017-18 വർഷം പുതുതായി നമ്പർ അനുവദിച്ച കെട്ടിടങ്ങളിൽ വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ ഫയലുകളുടെ പരിശോധനയിൽ വസ്തു നികുതി കണക്കാക്കിയതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നല്കേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഒരൊറ്റ ഉപയോഗക്രമത്തിലുള്ളതും ഒരാളുടെ മാത്രം ഉടമസ്ഥതയിലുള്ളതുമായ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നല്കി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് ഗ്രാമപഞ്ചായത്ത് നികുതി നിർണയിക്കുന്നത്. ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്നു പോലും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കാൻ സാധിക്കുന്നുള്ളൂ.

100 ച.മീ ന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങളിലെ മുറികൾ വിഭജിച്ച് പ്രത്യേകം നമ്പർ നല്കുമ്പോൾ പഞ്ചായത്ത് അംഗീകരിച്ച അടിസ്ഥാന വസ്തു നികുതി നിരക്കായ 50/- രൂപയ്ക്ക് പകരം 100 ച. മീ ന് താഴെയുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് നൽകുന്ന കുറഞ്ഞ നിരക്കായ 30/- രൂപ കണക്കാക്കി നികുതി നിർണ്ണയിക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമ | നികുതി കണക്കാക്കിയ സൂചകങ്ങൾ | യഥാർത്ഥ സൂചകങ്ങൾ<br>യഥാർത്ഥ നികുതി | കുറവ് വന്ന നികുതി |
|---|---|---|---|---|---|
| 1 | 28 B/C/D/F/G/H | ജാബിർ.എ | വിസ്തൃതി -140.36<br>നിരക്ക് -30<br>വഴി - 20%വർദ്ധന<br>നികുതി -5053 | വിസ്തൃതി -140.36<br>നിരക്ക് -50<br>വഴി - 20%വർദ്ധന<br>നികുതി -8423 | 3370 |
| 2 | 237 A/B/C/D /E/F/G | അനിൽകുമാർ, സന്ധ്യ | വിസ്തൃതി -107.47<br>നിരക്ക് -30<br>വഴി - 20% വർദ്ധന<br>നികുതി -3869 | വിസ്തൃതി -107.47<br>നിരക്ക് -50<br>വഴി - 20% വർദ്ധന<br>നികുതി -6449 | 2580 |
| 3 | 410 A/B/C/D/E/F | അബ്ദു റസാക്ക് | വിസ്തൃതി -150.05<br>നിരക്ക് -30<br>വഴി -20% വർദ്ധന<br>നികുതി -5402 | വിസ്തൃതി -150.05<br>നിരക്ക് -50<br>വഴി -20% വർദ്ധന<br>നികുതി -9003 | 3601 |
| 4 | 672 | അനീഷ് | വിസ്തൃതി -120.48 | വിസ്തൃതി -120.48 | 2747 |

| | | | | | |
|---|---|---|---|---|---|
| | A/B/C/D/E/F | കുമാർ | നിരക്ക് -30<br>വഴി -20% വർദ്ധന<br>ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ്- 6%<br>നികുതി -4120 | നിരക്ക് -50<br>വഴി -20% വർദ്ധന<br>ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ്- 6%<br>നികുതി -6867 | |
| 5 | 677 A/B/C/D/E/F | അനീഷ് കുമാർ | വിസ്തൃതി -121.3<br>നിരക്ക് -30<br>വഴി -20% വർദ്ധന<br>ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ്- 6% (677 A/B/C/D/E)<br>നികുതി -4169 | വിസ്തൃതി -121.3<br>നിരക്ക് -50<br>വഴി -20% വർദ്ധന<br>ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ്- 6% (677 A/B/C/D/E)<br>നികുതി -6914 | 2745 |
| ആകെ | | | | | 15043 |

2)<u>സഞ്ചയയിൽ വിവരങ്ങൾ നൽകുന്നതിലെ അപാകത മൂലം വസ്തു നികുതി കുറവ് വരുന്നു</u>

കെട്ടിടത്തിന്റെ നികുതി കണക്കാക്കാനായി സഞ്ചയയിൽ വിവരങ്ങൾ നല്കുമ്പോൾ 100 ച.മീ ന് മുകളിലുള്ള വാണിജ്യ കെട്ടിടം എന്നതിന് പകരം 100 ച.മീ വരെ യുള്ള വാണിജ്യ കെട്ടിടം എന്ന് തെറ്റായി വിവരം നല്കുക വഴി വസ്തു നികുതിയിൽ കുറവ് വരാനിടയായി.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമ | നികുതി കണക്കാക്കിയ സൂചകങ്ങൾ | യഥാർത്ഥ സൂചകങ്ങൾ<br>യഥാർത്ഥ നികുതി | കുറവ് വന്ന നികുതി |
|---|---|---|---|---|---|
| 1 | 38 B | എൻ.പി.രവീന്ദ്രൻ, കെ.ശാരദാമ്മ | വിസ്തൃതി -238.75<br>മേൽക്കൂര-10% ഇളവ്<br>നിരക്ക് -30<br>നികുതി -6447 | വിസ്തൃതി -238.75<br>മേൽക്കൂര-10% ഇളവ്<br>നിരക്ക് -50<br>നികുതി -10744 | 4297 |

മേൽ അപാകതകൾക്ക വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 33 /2017-18 തിയ്യതി 21.11.18 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 100 ച.മീ.മുകളിലുള്ള കെട്ടിടങ്ങൾ വിഭജിച്ച് പ്രത്യേകം നമ്പർ നൽകിയതു മൂലം കുറവു വന്ന നികുതി 15043/-രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

ഇത്തരത്തിൽ നികുതി തെറ്റായി കണക്കാക്കിയത് മൂലം പഞ്ചായത്തിന് 2017-18 വർഷവും തുടർന്നുള്ള വർഷങ്ങളിലും വരുമാനത്തിൽ കുറവ് വരാനിടയാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ നികുതി കണക്കാക്കിയത്

പുന:പരിശോധിക്കേണ്ടതും കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കാൻസർ, കിഡ്നി- മുൻകൂട്ടിയുള്ള നിർണ്ണയ ക്യാമ്പ് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

നിർവ്വഹണം :- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

പ്രോജക്ട് നമ്പർ :- 175/18

അടങ്കൽ :- 2,00,000/- (തനതുഫണ്ട്)

ചെലവ്:- 2,00,000/- 1. തുക 27,858/- (ചെക്ക് നം.3823114/5.3.18)

2. തുക 1,72,142/- (ചെക്ക് നം.9460710/28.3.18)

സാധാരണക്കാരായ ജനങ്ങളിൽ വർധിച്ച വരുന്ന കാൻസർ, കിഡ്നി രോഗങ്ങൾ മുൻകൂട്ടി നിർണ്ണയിച്ച് വിദഗ ചികിത്സ നൽകുന്നതിന് സഹായിക്കുക എന്ന ഉദ്ദേശത്തോടെ വിഭാവനം ചെയ്തതാണ് ഈ പ്രോജക്ട്. വൊളണ്ടിയേർസ്സിനെ ഉപയോഗപ്പെടുത്തി രോഗലക്ഷണങ്ങൾ ഉള്ളവരെ കണ്ടെത്തൽ, ഇതിനായി വാർഡുതോറും പ്രചരണ പ്രവർത്തനങ്ങൾ നടത്തുക, പരിശോധന ക്യാമ്പ് നടത്തുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. ഇതിലേയ്ക്കായി ആവശ്യം വരുന്ന വിവിധ പരിശോധനകളുടെ നിരക്കുകൾ താരതമ്യപ്പെടുത്തി ചുരുങ്ങിയ എം.വി.ആർ. കാൻസർ സെന്ററിന്റെ നിരക്കുകൾ അംഗീകരിക്കുകയും, അവരെ തന്നെ ക്യാമ്പ് നടത്തിപ്പ് ഏൽപ്പിക്കുകയുമാണ് ചെയ്തത്. രോഗ ലക്ഷണങ്ങൾ ഉള്ളവരെ കണ്ടെത്തുന്നതിനുള്ള സർവ്വേയ്ക്കുള്ള വൊളണ്ടിയർമാർക്ക് മേൽ സ്ഥാപനം ട്രെയിനിംഗ് നൽകുകയും, ഇതിൽ കണ്ടെത്തുന്ന രോഗലക്ഷണമുള്ളവരെ മെഡിക്കൽ ക്യാമ്പിൽ പങ്കെടുപ്പിച്ച് കൂടുതൽ പരിശോധനകൾക്ക് വിധേയരാക്കി രോഗനിർണ്ണയം സാധ്യമാക്കലുമാണ് ഉദ്ദേശിച്ചത്. ഇതിനായി വകയിരുത്തിയ തുക മുഴുവൻ ചെലവഴിച്ചു. വിശദാംശം ചുവടെ കൊടുക്കുന്നു.

| തുക | ചെലവിന്റെ ഉദ്ദേശം |
|---|---|
| 27,858/- | ഫോറങ്ങളുടെ പ്രിന്റിംഗ് - 26,208/-<br>വൊളണ്ടിയർ ട്രെയിനിംഗ് ലഘുഭക്ഷണം - 1,650/- |
| 1,72,142/- | ആരോഗ്യ വിദ്യാഭ്യാസ ക്ലാസിന്റെ ഭക്ഷണ ചെലവ് - 8,350/-<br>മെഡിക്കൽ ക്യാമ്പ് - 1,21,050/-<br>സർവ്വേ വൊളണ്ടിയർമാർക്കുള്ള പ്രതിഫലം - 42,742/- |
| ആകെ - 2,00,000/- | |

മെഡിക്കൽ ക്യാമ്പിനായി ചെലവഴിച്ച 1,21,050/- രൂപയിൽ 48,000/- രൂപ ക്യാമ്പ് നടത്തിപ്പിനും, ബാക്കി 73,050/- രൂപ വിവിധ പരിശോധനകളുടെ നിരക്കുമാണ്. ഈ തുക മുകളിൽ കാണിച്ച ചെക്കുകൾ പ്രകാരം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ക്യാമ്പിൽ പങ്കെടുത്ത രോഗലക്ഷണമുള്ളവരുടെ പരിശോധനകൾ പൂർത്തീകരിക്കും മുമ്പാണ് പണം എം.വി.ആർ. ആശുപത്രിയ്ക്ക് കൈമാറിയത് എന്ന് ബോധ്യപ്പെട്ടു. 12.4.2018 ന് എം.വി.ആർ. ആശുപത്രിയിലെ കമ്മ്യൂണിറ്റി ഓൺകോളജി കൺസൾട്ടന്റ് നൽകിയ റിപ്പോർട്ട് പ്രകാരം മാമ്മോഗ്രാം, പാപ്സ്മിയർ തുടങ്ങിയ പരിശോധനകൾ നടത്തിയവരുടെ ഫലങ്ങൾ നോർമലാണെന്നും, ആരിലും കാൻസർ സ്ഥിരീകരിച്ചിട്ടില്ലെന്നും വിവരിച്ചിട്ടുണ്ട്. എന്നാൽ 31 പേർക്ക് നടത്താനുള്ള അൾട്ര സൌണ്ട് സ്കാൻ, 6 പേർക്കുള്ള എഫ്.എൻ.എ.സി. ടെസ്റ്റ് എന്നിവയ്ക്കായി പ്രത്യേകം ദിവസങ്ങൾ ബന്ധപ്പെട്ട വ്യക്തികൾക്ക് നൽകുമെന്നും, ആ ദിവസങ്ങളിൽ അവർ എം.വി.ആർ. ആശുപത്രിയിലെത്തണമെന്നമാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഈ വ്യക്തികൾ പിന്നീട് ടെസ്റ്റിന് വിധേയരായോ എന്നും, ഇവരുടെ പരിശോധനഫലമെന്താണെന്നുമുള്ള വിവരങ്ങൾ നിർവ്വഹണോദ്യോഗസ്ഥനോ, ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റിയോ ഉറപ്പാക്കിയിട്ടില്ല. പരിശോധന നടക്കുമെന്ന നിഗമനത്തിൽ അതിനുൾപ്പെടെയുള്ള തുക മുൻകൂട്ടി അനുവദിച്ചത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്.

സർവ്വേ നടത്തിയതിന്റെ വിശദാംശങ്ങൾ, സർവ്വേ റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനും, അപാകതകൾക്ക് വിശദീകരണം നൽകാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് വർഷാവസാനം ഫണ്ട് ലാപ്സാകാതിരിക്കാനും, ടെസ്റ്റുകൾ എത്രയും വേഗം ചെയ്ത് തരുമെന്ന് ആശുപത്രിയുടെ ഉറപ്പിൻമേലുമാണ് തുക നൽകിയതെന്നുമാണ്. (പ്രസ്തുത നടപടിയിൽ നിന്നും നാളിതുവരെ പ്രസ്തുത പരിശോധനകൾ നടന്നിട്ടില്ലെന്ന് വ്യക്തമാകുന്നു). 2018-19 വർഷത്തിലും ഇതേ ആവശ്യത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും ഈ പദ്ധതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ പരിശോധനകൾ നടത്തി പ്രോജക്ട് പൂർത്തീകരിക്കുമെന്നുമാണ് മറുപടിയിൽ വിവരിക്കുന്നത്. പരിശോധന നടത്താതെ ചെലവഴിച്ച 21,000/- രൂപ(USG-600X31=18,600 +FNAC- 400X6=2,400) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി - അർഹതാ മാനദണ്ഡം പരിശോധിക്കാതെ ആനുകൂല്യം നൽകി

എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറിയ്ക്കുള്ള ധനസഹായം നൽകുന്നതിനായി അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ രണ്ടു പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|
| 90/18 (സ്പിൽ ഓവർ) | 11,00,000/-<br>(10,26,657/- വികസനഫണ്ട് എസ്.സി.പി.<br>73,343/- തനതുഫണ്ട്) | 11,00,000/-<br>ബിൽ നം.1/17-18/30.6.17 തുക 9,00,000/-<br>ബിൽ നം7/17-18/28.9.17 തുക 1,00,000/-<br>ബിൽ നം18/17-18/28.2.18 തുക 26,657/-<br>ചെക്ക്.നം. - തുക 73,343/- |
| 239/18 | 5,00,000/- വികസനഫണ്ട് എസ്.സി.പി. | 1,00,000/- ബിൽ നം21/17-18 /26.3.18 |

സർക്കാർ ഉത്തരവുകൾ നം.1683/17/ത.സ്വ.ഭ.വ., തിയ്യതി: 23.5.17, 626/2016/ത.സ്വ.ഭ.വ, തിയ്യതി 15.02.2016 എന്നിവ പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സൌകര്യം ഉറപ്പാക്കുവാൻ വീടിനൊപ്പം സൌകര്യമുണ്ടെങ്കിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്. ഇതിനായി നിലവിലുള്ള 800 ച.അടി(74.5 ച. മീ) അധികരിക്കാത്ത വീടിനോട് ചേർന്ന് 100 ച.അടി അധികരിക്കാത്ത പഠനമുറി നിർമ്മിക്കാൻ ധനസഹായം നൽകാം. ഓഡിറ്റ് വർഷത്തിൽ രണ്ടു പ്രോജക്ടുകളിലായി ആകെ 12 പേർക്ക് ഈ ആനുകൂല്യം നൽകി. എന്നാൽ ഇവരുടെ അർഹത ഉറപ്പാക്കുന്നതിനുതകുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. ധനസഹായം കൈപ്പറ്റിയവരുടെ നിലവിലെ വീടിന്റെ വിസ്തീർണ്ണം, പണിയാനുദ്ദേശിക്കുന്ന മുറിയുടെ വിസ്തീർണ്ണം എന്നിവ പരിശോധിക്കുന്നതിന് ബിൽഡിംഗ് പ്ലാനോ, പഞ്ചായത്തിൽ നിന്നുള്ള നിർമ്മാണാനുമതിയോ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടി, എല്ലാ ഗുണഭോക്താക്കളേയും വീട് നേരിട്ട് പരിശോധന നടത്തി അർഹരാണെന്ന് ഉറപ്പാക്കി മാത്രമാണ് ധനസഹായം നൽകിയിട്ടുള്ളതെന്നും തുടർ വർഷങ്ങളിൽ ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കി മാത്രം ആനുകൂല്യം നൽകുകയുള്ളൂ എന്നുമാണ്. അടിസ്ഥാന രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്താതെ ധനസഹായം നൽകിയതിനാൽ അർഹരായവർക്ക തന്നെയാണോ ധനസഹായം ലഭിച്ചത് എന്നുറപ്പാക്കാൻ സാധിച്ചിട്ടില്ല. ചെലവു തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-3 ഒ.എസ്.ഇല്ലാത്ത ലാപ്ടോപ്പുകൾ വിതരണം ചെയ്തു

നിർവ്വഹണം : ഹെഡ്മാസ്റ്റർ

പ്രോജക്ട് നമ്പർ : 106/18 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനോപകരണം

അടങ്കൽ : 3,60,000/- (വികസനഫണ്ട് എസ്.സി.പി)

ചെലവ് : 3,31,103/- ബിൽ നം.1/17-18/30.6.2017 – 1,51,763/-

ബിൽ നം.8/17-18/31.3.18 – 1,79,340/-

എസ്.സി.വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്ന ഈ പ്രോജക്ടിൽ 38 വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനുള്ള മേശയും, 6 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുമാണ് നൽകിയിരിക്കുന്നത്. ഇതിനായി മേൽ വിവരിച്ച രീതിയിൽ 1,79,340 രൂപ ചെലവഴിച്ചു. ലാപ് ടോപ്പുകൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചപ്പോൾ രണ്ടു സ്ഥാപനങ്ങളാണ് പങ്കെടുത്തത്. സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടർ ഫോമുകൾ ഫയലിലുണ്ടെങ്കിലും, ടെണ്ടർ ഫോം വിതരണം ചെയ്തപ്പോൾ നൽകിയ ടെണ്ടർ ഷെഡ്യൂൾ ഫയലിലില്ല. അതുകൊണ്ടു തന്നെ ലാപ്ടോപ്പുകൾക്ക് ആവശ്യപ്പെട്ടിരുന്ന സ്പെസിഫിക്കേഷൻ എന്തായിരുന്നെന്ന് വ്യക്തമല്ല. പങ്കെടുത്ത രണ്ടു സ്ഥാപനങ്ങളും നിരക്ക് ക്വാട്ട് ചെയ്തിരിക്കുന്നത് ലാപ്ടോപ്പിന്റെ വിലയും, വിവിധ ഒ.എസ്.ന്റെ (വിൻഡോസ് 10 പ്രോ, വിൻഡോസ് 10 എസ്.എൽ) വിലയും പ്രത്യേകമായാണ്. (ലാപ്ടോപ്പ് വില യഥാക്രമം 3, 5 വർഷ വാറണ്ടിയോടുകൂടി – 28,890/-, 29,890/-രൂപ, ഒ.എസ്.വില - 11,000/-, 8,500/-രൂപ എന്നിങ്ങനെ) 12.3.2018 ന് നം.എച്ച്.എം.-1/2017 പ്രകാരം നൽകിയ പർച്ചേസ് ഓർഡറിൽ ലാപ്ടോപ്പ് ഒ.എസ്.അടക്കം 29,890/-രൂപ നിരക്കിൽ വിതരണം നടത്താനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ ലാപ്ടോപ്പ് കൈപ്പറ്റിയ അശ്വനി, അമ്പിളി എന്നീ വിദ്യാർത്ഥികളെ ഫോണിൽ സംസാരിച്ചതിൽ അവർക്ക് ലഭിച്ച ലാപ്ടോപ്പിൽ ഒ.എസ്.ഇല്ലായിരുന്നെന്നും, വിദ്യാർത്ഥികൾ സ്വന്തം നിലയ്ക്ക് ഇവ പണം മുടക്കി ചെയ്യുകയായിരുന്നെന്നും അറിയിച്ചു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനായി വിഭാവനം ചെയ്യുന്ന പദ്ധതിയിൽ ഇത്തരത്തിൽ ഗുണഭോക്താക്കൾക്ക് സാമ്പത്തികഭാരം ഉണ്ടാക്കുന്ന അപാകതകൾ കടന്നുവരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റേയും, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടേയും ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. അപാകതകയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയ്ക്ക് ടെണ്ടർ ക്ഷണിച്ചതിൽ OS Windows ഉം 5 വർഷ വാറണ്ടിയും ആവശ്യപ്പെട്ടിരുന്നെന്നും, എന്നാൽ പിന്നീടാണ് 30000 രൂപയിൽ അധികരിക്കാത്ത ലാപ് ടോപ്പുകളാണ് വിതരണം ചെയ്യാനാവൂ എന്ന് മനസ്സിലാക്കിയതും, ആയതനുസരിച്ച് 'ഉബണ്ടു' OS കൂടി ലാപ് ടോപ്പ് നൽകിയതെന്നുമാണ്. ഈ നടപടി തൃപ്തികരമല്ല. പദ്ധതി രൂപീകരണ നിർദ്ദേശങ്ങളടങ്ങിയ സബ്സിഡി മാർഗ്ഗരേഖയിൽ തന്നെ ഇത്തരത്തിൽ വിതരണം ചെയ്യുന്ന ലാപ് ടോപ്പുകൾക്ക് 30000 രൂപ കവിയരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇവ ശ്രദ്ധിക്കാതെ പദ്ധതി രൂപീകരിച്ച തുക, ടെണ്ടർ നടപടിയിൽ ഇതനുസരിക്കാതെ ഉയർന്ന സബ്സിഡി സ്പെസിഫിക്കേഷൻ ആവശ്യപ്പെട്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റേയും പ്രോക്യൂർമെന്റ് കമ്മിറ്റിയുടേയും ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-4 ലഭ്യമായതിനേക്കാൾ അധികം തുക ചെലവഴിച്ചതും മറ്റപാകതകളും

ഹെഡ്മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായി തൻവർഷം വിഭാവനം ചെയ്ത ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സുകളും, അവയുടെ ചെലവും താഴെ ചേർക്കും പ്രകാരമാണ്.

| സ്രോതസ്സ് | വകയിരുത്തിയത് | ലഭിച്ചത് | ചെലവ് |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം | 4,00,000/- | ബാധകമല്ല | 3,93,900/- |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 4,00,000/- | 3,00,000/- | 3,98,500 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 4,00,000/- | 4,00,000/- | 1,82,200 |
| ആകെ | 12,00,000/- | | 9,74,600 |

മുകളിൽ വിവരിച്ച രീതിയിൽ ബ്ലോക്ക് വിഹിതം ലഭിച്ചതിനേക്കാൾ അധികം ചെലവാക്കുകയും, ജില്ലാ പഞ്ചായത്ത് വിഹിതം കുറച്ചു മാത്രം ചെലവ് ചെയ്ത് ബാക്കി തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയുമാണ്. സംയുക്ത പദ്ധതിയ്ക്കായി വിവിധ ബില്ലുകളിലായി തുക അനുവദിക്കുമ്പോൾ പദ്ധതിയിൽ വകയിരുത്തിയ അനുപാതത്തിൽ ചെലവു ചെയ്യാതെ ഏതെങ്കിലും ഫണ്ടുകൾ മാത്രം കൂടുതലായി ചെലവഴിക്കുന്നത് ശരിയായ

നടപടിയല്ല. സർക്കാർ ഉത്തരവ് നം.80/17/ത.സ്വ.ഭ.വ., തിയ്യതി.30.4.17 പ്രകാരം സംയുക്ത പ്രോജക്ടുകളിൽ പങ്കാളിയാകുന്ന തദ്ദേശ സ്ഥാപനങ്ങൾ തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതും, വർഷാവസാനം ചെലവഴിക്കാതെ ബാക്കിവരുന്ന തുക അതാത് തദ്ദേശ സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതുമാണ്. സംയുക്ത പദ്ധതിയ്ക്കായി ലഭിച്ച തുകയേക്കാൾ കൂടുതൽ തുക ചെലവഴിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭിച്ച മറുപടിയിൽ, അശ്രദ്ധ മൂലമാണ് വീഴ്ച സംഭവിച്ചതെന്നും, പ്രസ്തുത തുക തനത് ഫണ്ടിൽ നിന്നും ക്രമീകരിക്കുമെന്നുമാണ്. സംയുക്ത പദ്ധതികൾക്ക് ലഭിക്കുന്ന തുകകൾ പ്രത്യേകം ടി.എസ്.ബി. അക്കൌണ്ടിലാണ് സൂക്ഷിക്കുന്നത് എന്നതിനാൽ, മറ്റേതോ പദ്ധതിയ്ക്കായി ലഭിച്ച തുകയിൽ നിന്നാണ് ഈ അധിക തുക ചെലവഴിച്ചിരിക്കുന്നത്. അധികം ചെലവഴിച്ച തുക ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. തുക ക്രമീകരിച്ചിതിന്റേയും, ചെലവഴിക്കാത്ത തുക തിരികെ നൽകിയതിന്റേയും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 പശു വളർത്തൽ പദ്ധതി തുക കൈമാറിയത് സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പദ്ധതി - എസ്.ഒ 7/18

ചെലവ് – 480000 (240000 -തനത് ഫണ്ട് ,240000- ഗുണഭോക്തൃ വിഹിതം)

ചെക്ക് നമ്പർ,തിയ്യതി - 961721/14.12.17 -200000, 383118/14.03.18 – 280000

മേൽ പദ്ധതിയിൽ 12 ഗുണഭോക്താക്കൾക്ക് പശുവിനെ വാങ്ങുന്നതിന് 20000 രൂപവീതം പഞ്ചായത്ത് സബ്സിഡി നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ പാലിന്റെ ലഭ്യത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പശുവിനെ നൽകിയ ആളിന്റെ അക്കൗണ്ടിലേയ്ക്കാണ് സബ്സിഡി തുക നൽകിയിട്ടുള്ളത്. ഇതിൽ സഫിയ ചെമ്മരിക്കോട്ട്, പുല്ലാളൂർ, കുരുവട്ടൂർ എന്ന ഗുണഭോക്താനിനുള്ള സബ്സിഡി തുക അവർക്ക് പശുവിനെ ലഭ്യമാക്കിയ ശ്രീ. മുഹമ്മദ് ചെമ്മരിക്കോട്ട് എന്ന ആളിന്റെ അക്കൗണ്ടിലേയ്ക്കാണ് നൽകിയിട്ടുള്ളത്. രേഖകൾ പരിശോധിച്ചതിൽ പശുവിനെ വിറ്റ ആളും വാങ്ങിയ ആളും ഒരേ വിലാസത്തിൽ തന്നെയുള്ളവരാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-6 പാലിന് സബ്സിഡി -ചെലവ് സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥ : ഡയറി ഫാം ഇൻസ്പെക്ടർ
പദ്ധതി : എസ്ഒ 268/ 18
ചെലവ് : 450000 [തനത് ഫണ്ട് 50000,ബ്ലോക്ക് ഫണ്ട്:300000
ജില്ലാ പഞ്ചായത്ത് ഫണ്ട്: 100000)
ചെക്ക് നം.71603140000003/12. 3.18-50000

ചെക്ക് നം.79901140001502/12. 3.18-400000

28-12-17 ലെ 259/17 നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട 214 ഗുണഭോക്താക്കൾക്ക് കുരുവട്ടൂർ ക്ഷീര വ്യവസായ സഹകരണസംഘം വഴി പാലിന് സബ്സിഡി അനുവദിക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത് പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)12.4. 2006 ലെജി.ഒ. (പി) 177 | 2006 / ധനം നമ്പർ ഉത്തരവ് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് വിവരങ്ങൾ TR - 7 A ക്യാഷ് ബുക്കിൽ എഴുതണമെന്ന് നിർദ്ദേശിക്കുന്നു. ഇവിടെ വരവ് ചെലവ് കണക്കുകൾ ഒരു നോട്ട് ബുക്കിൽ ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം എഴുതിത്തയ്യാറാക്കി സൂക്ഷിക്കേണ്ട പ്രൊജക്റ്റ് റജിസ്റ്റർ സബ്സിഡി റജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

2) 214 ക്ഷീരകർഷകർക്ക് ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിൽ അളന്ന പാലിന് ലിറ്ററിന് 3 രൂപ നിരക്കിൽ 3,72,838 രൂപ നൽകുന്നതിനായി ഒരു ലിസ്റ്റും സെപ്റ്റംബർ മുതൽ നവംബർ വരെയുള്ള മാസങ്ങളിലേക്ക് ലിറ്ററിന് 4 രൂപ കണക്കാക്കായുള്ള 83,520 രൂപ നൽകുന്നതിനുള്ള ലിസ്റ്റും ക്ഷീരസംഘം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനുള്ള തുക അനുവദിച്ചിട്ടുള്ളത്. അതായത് ലിസ്റ്റ് പ്രകാരം ഗുണഭോക്താക്കൾക്ക് തുക കൈമാറണമെങ്കിൽ 4,56,358 രൂപ (372838 + 83520) ആവശ്യമുണ്ട് എന്നാൽ ഡയറി ഫാം ഇൻസ്പെക്ടർ 450000 രൂപയുടെ ട്രഷറി ചെക്ക് ആണ് നൽകിയിട്ടുള്ളത്. 6358 രൂപ കുറവ് 6358 രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് എങ്ങനെ നൽകി എന്ന് വ്യക്തമല്ല.
3) ട്രഷറിയിൽ നിന്ന് 214 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക മാറി എന്നതിന് ഒരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) 3.4.17 ലെ സ ഉ (എം.എസ്) 80/17/തസ്വഭവ. ഉത്തരവ് പ്രകാരം ക്ഷീരവികസന വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പെടെയാണ് 1 ലിറ്റർ പാലിന് 4 രൂപ നൽകേണ്ടത് സെപ്തംബർ മുതൽ നവംബർ വരെയുള്ള മാസങ്ങളിൽ 4 രൂപ വീതം പഞ്ചായത്ത് ഫണ്ടിൽ നിന്നു തന്നെയാണ് നൽകിയിട്ടുള്ളത് ക്ഷീര വികസന വകുപ്പിൽ നിന്ന് തുക ലഭ്യമായതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

മേൽ വിഷയങ്ങളിൽ വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ ഉണ്ടായിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-7 ഗുണഭോക്താക്കളുടെ തെരെഞ്ഞെടുപ്പ് - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

കേരള പഞ്ചായത്ത് നിയമം വകുപ്പ് 3എ(സി)പ്രകാരം വിവിധ പദ്ധതികൾക്കായി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കേണ്ടത് ഗ്രാമസഭയുടെ ചുമതലയാണ്. പിന്നീട് 02.10.97, 02.09.98 എന്നീ തിയ്യതികളിൽ വന്ന സർക്കാർ ഉത്തരവുകൾ നമ്പർ 220/97/ത.സ്വ.ഭ.വ., നമ്പർ 181/98/ത.സ്വ.ഭ.വ. എന്നിവയിലും ഗുണഭോക്തൃ തെരെഞ്ഞെടുപ്പ് ഏതു വിധേന സുതാര്യമായി നടത്തണം എന്നതിനെ പറ്റി പ്രതിപാദിക്കുന്നു. ഓഡിറ്റ് വർഷം ഹെഡ് മിസ്ട്രസ് നിർവ്വഹണം നടത്തിയ താഴെ കൊടുക്കുന്ന പദ്ധതികൾക്ക് ആനുകൂല്യം നൽകിയ ഗുണഭോക്താക്കളെ ഗ്രാമസഭയിൽ തെരെഞ്ഞെടുത്തിട്ടില്ല/ ഗ്രാമസഭയുടെ അംഗീകാരം ലഭിച്ചിട്ടില്ല എന്നു കാണുന്നു.

| പ്രോജക്ട് പേര്/ നമ്പർ | ആനുകൂല്യംലഭിച്ചവർ |
|---|---|
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 105/18(സ്പിൽ ഓവർ) | 58 പേർക്ക് |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്112/18 | 63 പേർക്ക് |

സർക്കാർ ഉത്തരവ് നം.80/17/ത.സ്വ.ഭ.വ., തിയ്യതി.30.4.17 ലെ ഖണ്ഡിക 10.4 ന കീഴിലുള്ള കുറിപ്പ് 5 പ്രകാരം ധനസഹായത്തിന് തെരെഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ പട്ടിക തദ്ദേശ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും, ഗ്രാമസഭയിൽ വായിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെ ഗുണഭോക്താക്കളെ തെരെഞ്ഞെടുത്ത് ധനസഹായം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി പഞ്ചായത്തിലെ അർഹതപ്പെട്ട മുഴുവൻ പേർക്കും ആനുകൂല്യം നൽകിയിട്ടുണ്ടെന്നും, അതിനാലാണ് പ്രത്യേകം ഗ്രാമസഭയിൽ ലിസ്റ്റ് സമർപ്പിക്കാതിരുന്നതുമെന്നുമാണ്. വീഴ്ചകൾ ഭാവിയിൽ ശ്രദ്ധിക്കണമെന്നും മറുപടിയിൽ വിവരിച്ചിരിക്കുന്നു. ഗുണഭോക്തൃ തെരെഞ്ഞെടുപ്പിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തേണ്ടതാണ്.

## 3-8 പി.എച്ച്.സി. ലാബ് സൌകര്യം ഏർപ്പെടുത്തൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം :- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

പ്രോജക്ട് നമ്പർ :- 172/18

അടങ്കൽ :- 2,00,000/- (തനതുഫണ്ട്)

ചെലവ്:- 2,00,000/-

പി.എച്ച്.സി.യിൽ ലാബ് സൌകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി അലുമിനിയം ഫാബ്രിക്കേഷൻ ചെയ്ത് മുറികൾ തിരിക്കൽ, ബയോ കെമിക്കൽ വെയ്സ്റ്റ് ഡിസ്പോസൽ സൗകര്യമൊരുക്കൽ (പ്രത്യേകം കുഴികൾ നിർമ്മിച്ച്), ഫർണീച്ചർ, എ.സി. റെഫ്രിജറേറ്റർ എന്നിവ വാങ്ങൽ, ഇലക്ട്രിഫിക്കേഷൻ വർക്ക് തുടങ്ങിയവയാണ് ഈ പ്രോജക്ടിലൂടെ നടപ്പാക്കിയിരിക്കുന്നത്. ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെലവഴിച്ച തുക/ചെക്ക് നം./തിയ്യതി | പ്രവർത്തനങ്ങൾ |
|---|---|---|
| 1 | 53,200/-(ചെക്ക് നം.3823114/5.3.18) | എയർ കണ്ടീഷനർ - 33700/-<br>ബയോ കെമിക്കൽ വെയ്സ്റ്റ് ഡിസ്പോസൽ - 19500/- |

| | | |
|---|---|---|
| 2 | 89,300/-(ചെക്ക് നം.9460710/28.3.18) | അലൂമിനിയം ഫാബ്രിക്കേഷൻ - 48,000/-<br>ഫർണീച്ചർ - 41,300/- |
| 3 | 40,760/-(ചെക്ക് നം.9460710/28.3.18) | ഇലക്ട്രിഫിക്കേഷൻ വർക്ക് |
| 4 | 16740/-(ചെക്ക് നം.9460713/31.3.18) | റെഫ്രിജറേറ്റർ - 13,300/-<br>ലാബിൽ സ്റ്റിക്കർ വർക്ക് - 3,440/- |

മുകളിൽ വിവരിച്ച എല്ലാ പ്രവർത്തനങ്ങളും നടപ്പിലാക്കിയിരിക്കുന്നത് ഓരോന്നിനുമായി പ്രത്യേകം ക്വട്ടേഷനുകൾ വിളിച്ചാണ്. വിവിധ പ്രവർത്തികൾ/വാങ്ങലുകൾ നടത്തിയതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- ക്രമ നമ്പർ 1, 2, 3 എന്നിവയിലുൾപ്പെട്ട മരാമത്ത് പ്രവൃത്തികൾക്കായി പഞ്ചായത്ത് എഞ്ചിനീയറിൽ നിന്ന് എസ്റ്റിമേറ്റ് ആവശ്യപ്പെടുകയും, ഇതിൽ പറയുന്ന തുക കാണിച്ചുകൊണ്ട് ക്വട്ടേഷനുകൾ ക്ഷണിച്ച് കുറവ് നിരക്ക് ക്വാട്ട് ചെയ്തവർക്ക് നിർമ്മാണാനുമതി നൽകുകയുമാണ് ചെയ്തത് (ഇലക്ട്രിഫിക്കേഷൻ പ്രവർത്തിയ്ക്കായി എസ്റ്റിമേറ്റ് ആവശ്യപ്പെട്ടെങ്കിലും ലഭിച്ചിട്ടില്ല). എന്നാൽ തുക അനുവദിക്കുന്നതിനു മുമ്പ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തി മുഴുവനായി നടന്നോയെന്നോ, എത്രയളവിൽ നടന്നിട്ടുണ്ടെന്നോ പരിശോധിക്കപ്പെട്ടിട്ടില്ല. സാങ്കേതിക വിദഗ്ദർ പ്രവൃത്തി അളക്കുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്യാതെയാണ് ഓരോരുത്തരും ക്വാട്ട് ചെയ്ത തുക മുഴുവനായി അനുവദിച്ചത്.
- സർക്കാർ ഉത്തരവ് നമ്പർ 259/2010/ത.സ്വ.ഭ.വ. തിയ്യതി 8.11.2010(സാധനങ്ങളുടേയും, സേവനങ്ങളുടേയും സമാഹരണം മാർഗ്ഗരേഖ)പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് 5,000/- രൂപ വരെയുള്ള സ്റ്റേഷനറി പോലുള്ള സാധനങ്ങൾ വാങ്ങുന്നതിനും, റിപ്പയർ പ്രവർത്തിക്കുമായി മാത്രമേ പെറ്റി പർച്ചേസ് നടത്താനാകൂ. അതും റേറ്റ്/റണ്ണിംഗ് കോൺട്രാക്ട് ഇല്ലാത്ത സംഗതികളിൽ മാത്രം. 25,000/- രൂപ വരെയുള്ള പർച്ചേസുകൾക്ക് ലോക്കൽ ഷോപ്പിംഗ് നടത്താം. ഇതിനായി ചുരുങ്ങിയത് മൂന്ന് ക്വട്ടേഷനുകളെങ്കിലും അറിയപ്പെടുന്ന സപ്ലൈയർമാരിൽ നിന്നും വാങ്ങുകയും, പരസ്യം നോട്ടീസ് ബോർഡിലും, പഞ്ചായത്ത് വെബ്സൈറ്റിലും പ്രദർശിപ്പിക്കുകയും വേണം. എന്നാൽ ഇതിനെല്ലാം വിരുദ്ധമായാണ് ക്രമ നമ്പർ 1, 2, 4 എന്നിവയിലുൾപ്പെട്ട വാങ്ങലുകൾ നടത്തിയിരിക്കുന്നത്. 1, 2 പ്രകാരമുള്ള എയർകണ്ടീഷനർ, വിവിധ ഫർണീച്ചറുകൾ എന്നിവ ക്വട്ടേഷനുകൾ ക്ഷണിച്ച് ലോക്കൽ പർച്ചേസും, 4 ൽ ഉൾപ്പെട്ട റെഫ്രിജറേറ്റർ പെറ്റി പർച്ചേസ് രീതിയിലുമാണ് വാങ്ങിയിരിക്കുന്നത്. 2013 ലെ സ്റ്റോർ പർച്ചേസ് മാന്വലിൽ അനക്സ്ചർ 4ൽ വിവരിച്ച വിവിധയിനം സാധനങ്ങളുടെ ഗ്രൂപ്പിംഗിൽ,(ഗ്രൂപ്പ് VII ൽ ഉൾപ്പെടുന്ന സബ് ഗ്രൂപ്പ് എ - ഇലക്ട്രിക്കൽ ഐറ്റംസിൽ ഉൾപ്പെടുന്ന എയർ കണ്ടീഷനർ, റെഫ്രിജറേറ്റർ) പെടുന്ന സാധനങ്ങൾ ഒരുമിച്ച് വാങ്ങാതെ ഇവയ്ക്കായി പ്രത്യേകം വാങ്ങലുകൾ നടത്തിയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടിയിൽ മരാമത്ത് പ്രവൃത്തികൾ മാർച്ച് മാസമാണ് പൂർത്തീകരിച്ചതെന്നും, ആയതിനാൽ ഫണ്ട് ലാപ്സാകാതിരിക്കാൻ വേണ്ടിയാണ് സാങ്കേതിക വിദഗ്ധരുടെ സാക്ഷ്യപ്പെടുത്തലില്ലാതെ തുക നൽകിയതെന്നുമാണ്. എന്നാൽ ഉദ്ദേശിച്ച സാധനങ്ങൾക്ക് പൂർണ്ണമായി ഫണ്ട് തികയുമോ എന്ന ആശങ്ക കാരണവും, സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം 15000 രൂപ വരെ പെറ്റി പർച്ചേസ് എന്ന ധാരണയിലുമാണ് വാങ്ങൽ നടത്തിയതെന്നും മറുപടിയിൽ വിശദീകരിക്കുന്നു. തങ്ങളുടെ ചുമതലാ പരിധിയിൽ വരുന്ന നടപടികളുടെ ധാരണക്കുറവ് കാരണമാണ് തെറ്റായ വാങ്ങലിന് വഴി വെച്ചതെന്ന മറുപടി തൃപ്തികരമല്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയുള്ള വാങ്ങലുകൾ പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടേയും, വാങ്ങലുകൾക്ക് അംഗീകാരം നൽകുന്ന ഭരണസമിതിയുടേയും പ്രവർത്തന വീഴ്ചകളെയാണ് കാണിക്കുന്നത്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം പ്രവൃത്തികൾ നടത്തേണ്ടതും, വാങ്ങലുകൾ ഉറപ്പാക്കേണ്ടതുമാണ്.

## 3-9 പി.എച്ച്.സി.പ്രോഗ്രാമുകൾക്ക് വാഹന വാടക – മാനദണ്ഡം വ്യക്തമല്ല

നിർവ്വഹണം:- മെഡിക്കൽ ഓഫീസർ

പ്രോജക്ട് നമ്പർ:- 129/18

അടങ്കൽ :- 50,000/- (തനതുഫണ്ട്)

ചെലവ് :- 50,000/-

സ്വന്തമായി വാഹനമില്ലാത്ത കുരുവട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ നടക്കുന്ന പ്രതിരോധ കുത്തിവപ്പുകളുടെയും മറ്റും നടത്തിപ്പിനായി വാടകയ്ക്ക് വിളിക്കുന്ന വാഹനത്തിന്റെ വാടക നൽകുന്നതിനായിട്ടാണ് ഈ പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി വകയിരുത്തിയ മുഴുവൻ തുകയും വിനിയോഗിക്കുകയും ചെയ്തു. വിശദാംശം ചുവടെ,

| ക്രമ നം. | തുക/ചെക്ക് നമ്പർ | വാഹന വാടക (മാസം തിരിച്ച്) |
|---|---|---|
| 1 | 18150/-ചെക്ക് നം. | 2017 മെയ്, ജൂൺ, ജൂലായ്, ആഗസ്റ്റ് |
| 2 | 2750/-ചെക്ക് നം. | 2017 ആഗസ്റ്റ്, സെപ്റ്റംബർ |
| 3 | 9600/-ചെക്ക് നം. | 2017 ഒക്ടോബർ |
| 4 | 2500/-ചെക്ക് നം. | 2017 നവംബർ |
| 5 | 3200/-ചെക്ക് നം. | 2017 ഡിസംബർ |
| 6 | 7600/-ചെക്ക് നം. | 2018 ജനവരി |
| 7 | 5900/-ചെക്ക് നം. | 2018 ഫെബ്രുവരി |
| 8 | 300/-ചെക്ക് നം. | 2018 മാർച്ച് |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഈ അവശ്യത്തിനായി സ്ഥിരമായി ഒരാളുടെ വാഹനമാണ് ഉപയോഗിക്കുന്നത് (ശ്രീ.സുധീഷ് കുമാറിന്റെ ഉടമസ്ഥതയിലുള്ള കെ.എൽ.11 ഇ 612 നമ്പർ വാഹനം) എന്നു ബോധ്യപ്പെട്ടു. ഓരോ തവണ പണം അനുവദിക്കുമ്പോഴും ട്രിപ് ഷീറ്റ് വാങ്ങി സൂക്ഷിക്കുന്നുണ്ടെങ്കിലും, ഇതിൽ എത്ര കിലോമീറ്റർ യാത്ര ചെയ്തിട്ടുണ്ടെന്ന് രേഖപ്പെടുത്തുന്നില്ല. അതു കൊണ്ടു തന്നെ തുക നല്കുന്നതിന്റെ ആധികാരികത വ്യക്തമല്ല. ഒരു വർഷത്തെ ചെലവുകൾ നടത്തും വിധം/ സേവനം ഉപയോഗപ്പെടുത്തും വിധം പദ്ധതി തയ്യാറാക്കുന്നതിനാൽ ഇതിലേയ്ക്കുള്ള വാഹനത്തിന്റെ/ വ്യക്തിയുടെ തെരെഞ്ഞെടുപ്പ് മത്സരാധിഷ്ഠിതമായ ക്വട്ടേഷനുകൾ ക്ഷണിച്ചായിരിക്കണം. മത്സരാധിഷ്ഠിതമായ ക്വട്ടേഷനുകൾ ക്ഷണിക്കാതെ ഒരാളെ സ്ഥിരമായി ഈ ആവശ്യത്തിലേയ്ക്ക് ഉപയോഗപ്പെടുത്തുന്നതും, ഇവർക്ക് കൃത്യമായ മാനദണ്ഡമില്ലാതെ തുക അനുവദിക്കുന്നതും വിശദീകരിക്കാൻ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടി ഭാവിയിൽ ശ്രദ്ധിക്കാമെന്നാണ്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം പദ്ധതി നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 തരിശു ഭൂമിയിൽ കൃഷി ചെയ്യാൻ പദ്ധതികൾ നടപ്പാക്കിയില്ല

29-3 -2017 ലെജി.ഒ (എം.എസ്) 72/2017/എൽ' എസ് ജി.ഡി ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.10 (1) പ്രകാരമുള്ള പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം കാർഷിക മേഖലയിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ തരിശു ഭൂമിയിൽ കൃഷി ചെയ്യാൻ ആവശ്യമായ പദ്ധതികൾ രൂപീകരിക്കേണ്ടതാണ്. കൃഷി ഭവനിലെ അടിസ്ഥാന ഡാറ്റാ രജിസ്റ്ററിലെ വിവര പ്രകാരം പഞ്ചായത്തിൽ 12 ഹെക്ടർ ഭൂമി കൃഷി ചെയ്യാത്ത തരിശുഭൂമിയുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് 3 ാം പട്ടിക പ്രകാരം കാർഷിക മേഖലയിൽ ഗ്രാമ പഞ്ചായത്തിന്റെ ആദ്യ ചുമതല തരിശു ഭൂമികളും പ്രാന്ത പ്രദേശങ്ങളും കൃഷി ചെയ്യിപ്പിക്കുക എന്നതാണ്. എന്നാൽ മേൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്ത് ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല.

വർക്കിങ് ഗ്രൂപ്പയോഗങ്ങളിൽ തരിശുഭൂമിയിൽ തൊഴിലുറപ്പ് പദ്ധതി ഉപയോഗിച്ച് നിലമൊരുക്കി കൃഷി ചെയ്യണം എന്ന് തീരുമാനമെടുക്കുന്നുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിൽ നിലവിൽ തരിശായി കിടക്കുന്ന വിസ്തൃതി കൂടുതലുള്ള വയലുകളിൽ കുളം നിർമ്മിച്ച് പമ്പ് സെറ്റ് സ്ഥാപിച്ച് വേനൽക്കാലത്ത് നെൽകൃഷിയ്ക്കും പച്ചക്കറി കൃഷിയ്ക്കും ഉപയോഗിക്കാം എന്ന ആശയം മുന്നോട്ടു വയ്ക്കുന്നുണ്ടെങ്കിലും ഈ തീരുമാനങ്ങളൊന്നും പദ്ധതി രൂപീകരിച്ചപ്പോൾ പരിഗണിച്ചിട്ടില്ല. വർക്കിങ് ഗ്രൂപ്പിൽ ഇത്തരം പദ്ധതികൾ രൂപീകരിയ്ക്കാതിരുന്നതിൽ വികസന സ്റ്റാന്റിങ് കമ്മറ്റിയുടെ ഇടപെടൽ ഉണ്ടായിട്ടില്ല. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കൃഷിഓഫീസർ ലഭ്യമാക്കിയ മറുപടയിൽ തരിശുഭൂമിയിൽ കൃഷിചെയ്യുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് അറിയിക്കുകയും ഭാവിയിൽ ഇതിന് വേണ്ട നടപടികൾ സ്വീകരിയ്ക്കുമെന്നും അറിയിച്ചിട്ടുണ്ട് . ഈ വിഷയം തുടർ പ്രവർത്തനങ്ങൾക്കായി

വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

## 3-11 കാർഷിക മേഖലയിൽ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിന് പദ്ധതികൾ നടപ്പാക്കുന്നില്ല

കൃഷി ഓഫീസർ 2017-18 വർഷത്തിൽ നടപ്പിലാക്കിയിട്ടുള്ള 9 പദ്ധതികൾ പരിശോധിച്ചു. കൃഷിയ്ക്കായി വിത്ത്, വളം, തൈകൾ മുതലായവ വിതരണം ചെയ്യുന്ന പദ്ധതികൾ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത് . പഞ്ചായത്തിലെ സ്റ്റാറ്റസ് റിപ്പോർട്ട്, വർക്കിങ്ങ് ഗ്രൂപ്പ് മിനട്സ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ കാർഷിക മേഖലയിലെ അടിസ്ഥാന പ്രശ്നം ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. ഈ പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിന് ഒരു പദ്ധതി പോലും നടപ്പിലാക്കാത്തത് വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ വീഴ്ചയായി വിലയിരുത്തുന്നു.

പഞ്ചായത്തിൽ തോടുകളും കുളങ്ങളും നവീകരിച്ചാലേ കൃഷി മുന്നോട്ടു പോകു എന്ന് വർക്കിങ്ങ്ഗ്രൂപ്പ് വിലയിരുത്തുന്നുണ്ട്. പുന്നൂർ പുഴയും 33 കുളങ്ങളും (സ്വന്തമായി 7) തോടുകളും ജലസേചനത്തിന് ജലലഭ്യത യുള്ള ക്വോറികളും ഉൾപ്പെടെ ജല സ്രോതസസുകൾ ധാരാളമുള്ള പഞ്ചായത്തിൽ കൃഷി വികസനത്തിന് അടിസ്ഥാന സൗകര്യമൊരുക്കുന്ന പദ്ധതികൾ നടപ്പിലാക്കാത്തത് വലിയ വീഴ്ചയാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് 3 ാം പട്ടിക പ്രകാരം കൃഷി ഭവനുകളുടെ നടത്തിപ്പ് കാർഷിക മേഖലയിൽ ഗ്രാമ പഞ്ചായത്തിന്റെ ചുമതലയാണ്.കൃഷിഭവൻ പ്രവർത്തിയ്ക്കുന്നതിന് സ്വന്തമായി ഒരു കെട്ടിടം പോലുമില്ല. നിലവിൽ സൗകര്യങ്ങൾ കുറഞ്ഞ വാടകക്കെട്ടിടത്തിലാണ് കൃഷിഭവൻ പ്രവർത്തിയ്ക്കുന്നത്. കൃഷിഭവന് കെട്ടിടം നിർമ്മിക്കണമെന്നും നടീൽ വസ്തുക്കളും മറ്റും സൂക്ഷിയ്ക്കുന്നതിന് സൗകര്യങ്ങൾ ഇല്ല എന്നും വർക്കിങ്ങ് ഗ്രൂപ്പയോഗങ്ങളിലും സ്റ്റാറ്റസ് റിപ്പോർട്ടിലും നിർദ്ദേശങ്ങൾ ഉണ്ടെങ്കിലും ഈ ആവശ്യത്തിനായി പദ്ധതികൾ ഒന്നും തയ്യാറാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് കൃഷി ഓഫീസർ 21-11-18 ന് ലഭ്യമാക്കിയ മറുപടിയിൽ ജലസേചനത്തിന് മൈനർ ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട് 2 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും തോടുകൾ സംരക്ഷിയ്ക്കാനുള്ള പദ്ധതികളും തയ്യാറാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് . ഈ പദ്ധതികൾ പൂർത്തിയാക്കി കൃഷിയ്ക്ക് ഉപയോഗിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൃഷിഭവന് കെട്ടിടം ഇല്ലാത്തത് അസൗകര്യമായി തുടരുന്നു എന്ന കൃഷി ഓഫീസറുടെ മറുപടി വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-12 മാലിന്യസംസ്കരണ പദ്ധതികൾ - വകയിരുത്തിയ തുകയിൽ ചെലവ് തുച്ഛം

സർക്കാർ ഉത്തരവ് നമ്പർ 72/17/ത.സ്വ.ഭ.വ., തിയ്യതി 29.3.2017 ലെ ഖണ്ഡിക 11.4.3 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിന്റെ കുറഞ്ഞത് 10% മെങ്കിലും മാലിന്യസംസ്കരണ പദ്ധതികൾക്കായി വകയിരുത്തണം. 2017-18 വർഷത്തിൽ വിവിധ മാലിന്യ സംസ്കരണ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും, ചെലവഴിച്ചതിന്റേയും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ.നം. | പ്രോജക്ടിന്റെ പേര്/ നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|---|
| 1. | മാലിന്യ നിർമ്മാജ്ജനം - കമ്മ്യൂണിറ്റി കളക്ഷൻ സെന്റർ നിർമ്മാണം, പ്രോ. നം.264/18 | 1,30,000 സംസ്ഥാനാവിഷ്കൃതം | 1,30,000 |
| | | 1,30,000 തനതുഫണ്ട് | 1,16,047 |
| 2. | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് - വിഹിതം കൈമാറൽ, പ്രോ. നം. 170/18 | 1,87,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ചെലവില്ല |

| | | | |
|---|---|---|---|
| | | 13,000 തനതുഫണ്ട് | |
| | | 17,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം | |
| 3. | ഷ്രെഡിംഗ് യൂണിറ്റിലേയ്ക്ക് മാലിന്യങ്ങൾ എത്തിക്കൽ, പ്രോ. നം. 181/18 | 25,000 തനതുഫണ്ട് | ചെലവില്ല |
| | | 3,90,000 മറ്റുള്ളവ | |
| 4. | മാലിന്യമുക്ത പരിപാടി, പ്രോ. നം. 184/18 | 8,60,750 വികസനഫണ്ട് എസ്.സി.പി. | 8,41,000 |
| | | 1,16,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,16,000 |
| | | 4,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ചെലവില്ല |
| 5. | റിംഗ് കമ്പോസ്റ്റ്, പ്രോ. നം. 99/18 | 12,00,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,18,750 |
| | | 12,00,000 ഗുണ.വിഹിതം | 1,18,750(ഐ.കെ.എം.പത്രികയിൽ ചെലവ് കാണിച്ചിട്ടില്ല) |
| ആകെ | | 63,51,750 | 14,40,547 |

മേൽ വിവരിച്ച രീതിയിൽ മാലിന്യ സംസ്കരണ പദ്ധതികൾക്കായി ആകെ 63,51,750/- രൂപ വകയിരുത്തിയതിൽ 14,40,547 രൂപ മാത്രമാണ് ചെലവഴിച്ചത്. അതായത് 22.7% മാത്രം. ഇതിൽ റിംഗ് കമ്പോസ്റ്റ് പ്രോജക്ടിനായി 24,00,000/-രൂപ വകയിരുത്തിയതിൽ തൻ വർഷം ആകെ 2,37,500/-രൂപമയാണ് ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ട് പ്രകാരം 960 ഗുണഭോക്താക്കൾക്ക് വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനാണ് ഇത് വിഭാവനം ചെയ്തതെങ്കിലും, തൻവർഷം 95 ഗുണഭോക്താക്കൾ മാത്രമാണ് ഇതിൽ പങ്കെടുത്തത്. തുടർന്ന്

2018-19 ൽ ഓഡിറ്റ് തിയ്യതി വരെ 40 പേർ കൂടി റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ട്. 2017-18 വർഷത്തേയ്ക്കായി ഗുണഭോക്താക്കളെ കണ്ടെത്തിട്ടുള്ളത് 18 വാർഡുകളിലായി 325 പേരെ മാത്രമാണ്. 2016-17 വർഷത്തിൽ ഇതേ പദ്ധതിയ്ക്കായി 47,35,000/- വകയിരുത്തിയെങ്കിലും തുക ചെലവഴിച്ചില്ല. 2018-19 വർഷത്തിലേയ്ക്കും ഇതേ പദ്ധതി പുതുതായി വകയിരുത്തി.(2017-18 വർഷത്തെ സ്പിൽഓവർ പദ്ധതിയുമുണ്ട്) വേണ്ടത്ര ഗുണഭോക്താക്കളെ കണ്ടെത്താതെ, വൻതുകയുള്ള പദ്ധതി രൂപീകരിച്ചതിന്റെ ഔചിത്യം വിശദീകരിക്കാൻ ഓഡിറ്റ് എൻക്വയറി (നം.21/17-18)നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. പദ്ധതി രൂപീകരണ വേളയിൽ മേഖല അടിസ്ഥാനത്തിലുള്ള വകയിരുത്തലുകൾക്ക് മാത്രമായി പദ്ധതി ആവിഷ്കരിക്കുന്ന എന്നതാണ് ഇതിൽ നിന്നും ഓഡിറ്റ് വിലയിരുത്തുന്നത്. പദ്ധതി രൂപീകരണത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-13 കുടിവെള്ള പദ്ധതികൾ - വിഭാവനം ചെയ്തവയൊന്നും നടപ്പാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2017-18 വർഷത്തിൽ കുടിവെള്ളവുമായി ബന്ധപ്പെട്ട ഏഴ് പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് പേര്/ നമ്പർ | അടങ്കൽ |
|---|---|
| 121/18 കുന്നത്തുമല കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ, വൈദ്യുതി | 1,50,000/- |
| 161/18 കണ്ണങ്കര മാറായി കുടിവെള്ള പദ്ധതി മോട്ടോർ മാറ്റി സ്ഥാപിക്കൽ | 1,50,000/- |
| 163/18 നമ്പ്യാത്ത് താഴം കാരാട്ട് താഴം മോട്ടോർ മാറ്റി സ്ഥാപിക്കൽ | 1,50,000/- |
| 164/18 വളച്ചകെട്ടി വള്ളേ്യക്കാട് കുടിവെള്ള പദ്ധതി മോട്ടോർ മാറ്റി സ്ഥാപിക്കൽ | 1,50,000/- |
| 165/18 പെരുന്താട്ടകുന്നമ്മൽ കുടിവെള്ള പദ്ധതി മോട്ടോർ മാറ്റി സ്ഥാപിക്കൽ | 1,50,000/- |
| 167/18 കിണർ റീചാർജ്ജിംഗ് | 12,00,000/- |
| 281/18 കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ | 2,55,000/- |

മേൽ വിവരിച്ച പദ്ധതികളിലൊന്നും ഓഡിറ്റ് വർഷം ചെലവ് നടന്നിട്ടില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരണ വേളയിൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ 35 ഓളം പ്രദേശങ്ങൾ ഗുരുതര കുടിവെള്ള ക്ഷാമം നേരിടുന്നവയാണ്. ഇത്രമാത്രം കുടിവെള്ള പ്രശ്നങ്ങൾ നിലനിൽക്കുമ്പോഴും വിഭാവനം ചെയ്ത പദ്ധതികളൊന്നും നടപ്പാക്കാത്തത് പദ്ധതി നിർവ്വഹണത്തിലെ പാളിച്ചയാണ്. വിഭാവനം ചെയ്ത പദ്ധതികളൊന്നും നടപ്പാക്കാതിരുന്ന സാഹചര്യവും, മേൽ കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതിയും വിശദീകരിക്കാൻ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. മുകളിൽ വിവരിച്ച പദ്ധതികളിൽ ഭൂരിഭാഗവും മോട്ടോർ മാറ്റി സ്ഥാപിക്കലായതിനാൽ തന്നെ ഇവയെല്ലാം പ്രവർത്തിച്ചു കൊണ്ടിരുന്ന കുടിവെള്ള പദ്ധതികളാണെന്ന് അനുമാനിക്കാം. കുടിവെള്ള വിതരണം പോലുള്ള അടിയന്തിര സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ അലംഭാവം ഇതിൽ നിന്നും വ്യക്തമാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി പ്രസ്തുത പദ്ധതികളെല്ലാം സാങ്കേതിക കാരണങ്ങളാണ് നടത്താൻ കഴിയാതിരുന്നതെന്നും തുടർ വർഷത്തിൽ പൂർത്തീകരിക്കുമെന്നുമാണ്. പദ്ധതികളുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

## 3-14 കന്നുകുട്ടി പരിപാലന പദ്ധതി - ഫണ്ട് വിനിയോഗം സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പദ്ധതി - എസ്.ഒ47/18

ചെലവ് -500000 (വികസന ഫണ്ട് )

240000- ഗുണഭോക്തൃ വിഹിതം)

ബിൽ നമ്പർ,തിയ്യതി - 1/ 2017-18/12.1.18

മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി 80 ഗുണഭോക്താക്കൾക്ക് 6250 രൂപ വീതം 500000 രൂപ മൃഗ സംരക്ഷണ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) തുക വിനിയോഗിച്ച് പദ്ധതി നടപ്പാക്കിയതിന്റെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

2) പദ്ധതിയ്ക്കായി വകയിരുത്തിയ സംസ്ഥാന വിഹിതം ലഭ്യമാകും എന്ന് ഉറപ്പ് വരുത്തിയതിന് ശേഷമാണ് പഞ്ചായത്ത് വിഹിതം വകുപ്പിന് കൈമാറേണ്ടത്.ഈ പദ്ധതിയിൽ വകയിരുത്തിയ സംസ്ഥാന വിഹിതമായ 500000 രൂപ പദ്ധതിയ്ക്ക് ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താതെയാണ് പഞ്ചായത്ത് വിഹിതം കൈമാറിയിട്ടുള്ളത്. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-15 ബിറ്റുമിൻ വാങ്ങിയതിന് സിഡ്കോയ്ക്ക് അധിക തുക നൽകിയത് തിരികെ ഈടാക്കിയില്ല

7 പ്രവൃത്തികൾക്കായി പ്രവൃത്തി കൺവീനർമാർക്ക് ബിറ്റുമിൻ വാങ്ങി നൽകുന്നതിന് സെക്രട്ടറി പ്രവർത്തികളുടെ ആവശ്യകത കണക്കാക്കി 4,52,795 രൂപ സിഡ്കോയ്ക്ക് അനുവദിച്ചിട്ടുണ്ട് (തനത് ഫണ്ട്, ചെക്ക് നമ്പർ -3823110/27-02-2018) ബിറ്റുമിന്റെ സ്റ്റോക്ക് രജിസ്റ്റർ ,ബില്ല് എന്നിവ പരിശോധിച്ചതിൽ 4,49,555 രൂപയുടെ ബിറ്റുമിനാണ് സിഡ്കോയിൽ നിന്ന് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിറ്റുമിൻ | വില | ബിൽ നമ്പർ ,തിയ്യതി |
|---|---|---|
| RSI _ 4 ബാരൽ | 32,599 | Hinco10590/15.03.18 |
| RSI -2 ബാരൽ<br>SSI -10 ബാരൽ<br>VG -30 ബാരൽ | 4,16,956 | Hinco11090,11091/13.03.18 |
| ആകെ | 4,49,555 | |

സിഡ്കോയ്ക്ക് 3240 രൂപ അധികം നൽകിയിട്ടുണ്ട് (452795-416956). തുക തിരികെ ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു .

## 3-16 ശമ്പളപരിഷ്കരണ കുടിശ്ശിക - ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ. ഉ. (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡണ്ട് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമപഞ്ചായത്ത് ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തിക വർഷത്തിൽ ശമ്പള കുടിശ്ശികയുടെ 1, 2 ഗഡുക്കൾ താഴെ പറയും പ്രകാരം പ്രൊവിഡണ്ട് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

| ഗഡു | വൗച്ചർ നം/തീയതി | തുക |
|---|---|---|
| I | 21700323/27.7.2017<br>(സെക്രട്ടറി) | 28287 |
| | 21700371/17.8.2017<br>(റഗുലർ ജീവനക്കാർ) | 168227 |
| | 21700372/17.8.2017<br>(കണ്ടിജന്റ്) | 22633 |
| II | സെക്രട്ടറി (ചെക്ക് നം3823108/14.2.2018) | 22744 |

| | | |
|---|---|---|
| | റഗുലർ ജീവനക്കാർ<br>(ചെക്ക് നം3823108/14.2.2018) | 134932 |
| | കണ്ടിജന്റ് ജീവനക്കാർ<br>(ചെക്ക് നം3823108/14.2.2018) | 18165 |

ശമ്പളപരിഷ്കരണ കുടിശ്ശികയുടെ 3,4 ഗഡുക്കൾ 2018-19 വർഷത്തിലും അനുവദിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48(1)പ്രകാരം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് പുതുക്കിയ ശമ്പള നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, ശമ്പളപരിഷ്കരണ കുടിശ്ശികയിനത്തിൽ 2017-18, 2018-19 വർഷങ്ങളിലായി 4 ഗഡുക്കൾ കൈപ്പറ്റിയതുമായ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഉടനടി ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പ്രതിമാസ വരവുചെലവു കണക്കുകൾ പരിശോധിക്കുമ്പോൾ ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് പുതുക്കിയ ശമ്പളനിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കുന്നതു സംബന്ധിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യാതൊരു ഇടപെടലും നടത്തിക്കാണുന്നില്ല. പ്രസ്തുത കമ്മിററിയുടെ ചുമതലയിൽ ഉൾപ്പെട്ട മേൽവിഷയം അടിയന്തിരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-17 പൊതു മരാമത്ത് പ്രവർത്തികൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നില്ല

2017-18 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

1) സാങ്കേതികാനുമതി ലഭിച്ചതിലെ കാലതാമസം

` 41121/2017/DPC/DPO/KKD നമ്പർ ഉത്തരവ് പ്രകാരം 31-05-2017 ൽ തന്നെ പഞ്ചായത്തിലെ മരാമത്ത് പ്രവർത്തി കൾക്ക് ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ അതിനു ശേഷം പ്രവർത്തി കൾക്ക് സാങ്കേതികാനുമതി ലഭിയ്ക്കാൻ വളരെ കാലതാമസം ഉണ്ടായിച്ചുണ്ട്. 9/2017 മുതലുള്ള മാസങ്ങളിലാണ് ടി.എസ് ലഭിച്ചിട്ടുള്ളത്. ഇത് പൊതു മരാമത്ത് പ്രവർത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് തടസ്സമായിട്ടുണ്ട്.

2) ടെണ്ടർ നടപടികളിലെ കാലതാമസം

പ്രവർത്തികളുടെ ടെണ്ടറുകൾ പരസ്യം ചെയ്യുന്നതിലും ടെണ്ടർ നടപടികൾ തുടങ്ങുന്നതിലും കാലതാമസം ഉണ്ടായിട്ടുണ്ട്. ടെണ്ടർ നടപടികൾ 12/2017, 1/2018, 2/2018 മാസങ്ങൾ വരെ നീണ്ടു പോയത് പ്രവർത്തികൾ സമയത്ത് പൂർത്തീകരിയ്ക്കുന്നതിന് തടസ്സമായിട്ടുണ്ട്.

3) കരാർ വയ്ക്കുന്നതിൽ കാല താമസം

3 പ്രവർത്തികൾ കരാർ വയ്ക്കുന്നതിൽഉണ്ടായകാലതാമസം പ്രവർത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുണ്ടാക്കി. 2017-18 ലെ പ്രവൃത്തികൾ 12/2017, 1/2018.2/2018, 3/2018 മാസങ്ങളിൽ മാത്രമാണ് കരാറിൽ ഏർപ്പെട്ട് കരാറുകാർക്ക് പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ളത്. മുൻ വർഷത്തെ പ്രവർത്തികൾ പൂർത്തിയാകാതെ സ്പിൽ ഓവർ ആയി വന്നിട്ടുള്ള 78 പദ്ധതികൾ കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളവയാണ്. അതായത് 1/2017, 2/2017, 3/2017 മാസങ്ങളിൽ മാത്രമാണ് കരാറിൽ ഏർപ്പെട്ട് പ്രവർത്തി കൈമാറിയിട്ടുള്ളത്.

4) തൻവർഷം നടപ്പാക്കാനായി തയ്യാറാക്കിയിട്ടുള്ള 127 പ്രവർത്തികളിൽ 78 എണ്ണവും സ്പിൽ ഓവർ പ്രവർത്തികളാണ്. ഇതിൽ 36 എണ്ണം 2017-18 ലും പൂർത്തിയാക്കി ലക്ഷ്യം കൈവരിച്ചിട്ടില്ല. വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ഇടപെടലിലെ പോരായ്മ യാണ് ഇതിന് ഇടയാക്കിയിട്ടുള്ളത്. ഇത് ഫണ്ട് പാഴാകുന്നതിനിടയാക്കിയിട്ടുണ്ട്.

5) 2017-18 ൽ അംഗീകാരം വാങ്ങി നടപ്പിലാക്കിയിട്ടില്ലാത്ത താഴെ പറയുന്ന പ്രവർത്തികൾ 2018-19 ൽ സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തിയിട്ടില്ല.

1. 228/18 – വനിതാ വ്യവസായ കേന്ദ്രം ഫ്ലോറിങ്ങ്.

2. 13/18 – കുന്നത്തും മല വാട്ടർ ടാങ്ക്.

3. 33/18 – വനിതാവ്യവസായ കേന്ദ്രം റൂം തിരിക്കൽ.

4 .36/18 – വള്ളോപ്പറമ്പിൽ ആച്ചേലയിൽ റോഡ്.

മേൽ പദ്ധതികൾ 2018-19 പദ്ധതിയിൽ ഉൾപ്പെടുത്താതെ ഉപേക്ഷിച്ചതാണെങ്കിൽ കാരണം വ്യക്തമാക്കേണ്ടതാണ്.

6) 2017-18 ൽ 36 പ്രവർത്തികൾ നടപ്പിലാക്കിയിട്ടില്ല. (IKM സ്റ്റേറ്റ്മെന്റ് പ്രകാരം) പഞ്ചായത്ത് ഡയറക്ടറുടെ JI/18300/17/6-4-18 നമ്പർ കത്തിൽ 2017-18 ൽ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം കിട്ടിയിട്ട് നിർവ്വഹണം നടപ്പിലാക്കാത്ത പദ്ധതികളുടെ വിശദവിവരം കാരണ സഹിതം നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്ന് റിപ്പോർട്ട് വാങ്ങി അറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ബി1/555 /18/10.4.18 കത്ത് പ്രകാരം ആവശ്യപ്പെട്ടതിന് സെക്രട്ടറി 10.4.2018 ന് നൽകിയ എ3/2710/18 നമ്പർ കത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 4 പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല എന്നാണ് റിപ്പോർട്ട് നൽകിയത് . 36 പ്രവർത്തികൾ നടപ്പാക്കാത്തതുണ്ടെന്നിരിക്കെ 4 പ്രവർത്തികൾ മാത്രമാണ് നിർവ്വഹണം നടത്താനുള്ളത് എന്ന് തെറ്റായി റിപ്പോർട്ട് ചെയ്തത് എന്തടിസ്ഥാനത്തിലാണെന്ന് വിശദീകരിയ്ക്കേണ്ടതാണ്

7) കരാർ പ്രകാരം സമയ ബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്തതിന് നടപടിയെടുക്കാത്ത സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത് കരാറുകാർ പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്തതിന് കാരണമായിട്ടുണ്ട് .

മേൽ വിഷയങ്ങളിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ ഉണ്ടായിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/17-18/19.11.18) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-18 നിക്ഷേപ പ്രവർത്തികൾക്ക് മുൻകൂർ നൽകിയത് പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2 നിക്ഷേപ പ്രവർത്തികൾക്ക് മുൻകൂർ തുക പൊതു മരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്.

നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ചെലവ് തുക | ബിൽ നമ്പർ ,തിയ്യതി |
|---|---|---|
| എസ്.ഒ.226/18<br>അടിയോടി പറമ്പ് അങ്കണവാടി | 600000 | 34/6.1.18 |
| എസ്.ഒ.282/18<br>കവലയിൽ അങ്കണവാടി | 580000 | 96/28.3.18 |

നിക്ഷേപ പ്രവർത്തികൾക്ക് മുൻകൂർ നൽകുമ്പോൾ ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതാണെന്നും എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകേണ്ടത് എന്നീ വ്യവസ്ഥകൾ പാലിയ്ക്കാതെയാണ് തുക കൈമാറിയത്. കൂടാതെ തുക വിനിയോഗിച്ച് നാളിതുവരെ പദ്ധതി പൂർത്തിയാക്കി വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ഇടപെടൽഉണ്ടായിട്ടില്ല. . അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/17-18/ 19.11.18) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കില്ല എന്നറിയിച്ചിട്ടുണ്ട്. ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതിനായി വിഷയം വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-19 വാട്ടർചാർജ്ജ്കുടിശ്ശിക : അപാകത പരിഹരിക്കാൻ തുടർനടപടി ത്വരിതപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ 40 പൊതുടാപ്പുകൾക്ക് വാട്ടർ ചാർജ്ജിനത്തിൽ 210000/-രൂപ (ടാപ്പൊന്നിന് പ്രതിവർഷം 5250/-രൂപ നിരക്കിൽ) ഒടുക്കിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസിൽ പ്രതിമാസം 42 പൊതു ടാപ്പുകൾക്ക് പ്രതിമാസം 18375/-രൂപയാണ് ഡിമാന്റ് ചെയ്തുവരുന്നത്. 4/2016മുതൽ ഇപ്രകാരം തുക ഡിമാന്റ് ചെയ്തുവരുന്നുണ്ട്. 26.4.2016ലെ എ4/3173/16 നമ്പർ കത്തുപ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ 40 ടാപ്പുകളാണുള്ളതെന്നും അധിക ടാപ്പുകൾ സ്ഥാപിച്ചതു സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ വിവരങ്ങളില്ലെന്നും കാണിച്ച് സെക്രട്ടറി വാട്ടർ അതോറിററി അസി.എഞ്ചിനീയർക്ക് കത്തയച്ചതായി ഫയലിൽ കാണുന്നു. ആയതിന് മറുപടിയൊന്നും ലഭിക്കാഞ്ഞതിനെതുടർന്ന് നേരിൽ അന്വേഷിച്ചതിൽ ഗ്രാമപഞ്ചായത്തിലെ

മൊത്തം സ്റ്റീററ് ടാപ്പുകളുടെ ലിസ്ററ് നൽകാമെന്ന് വാട്ടർ അതോറിററി ഉറപ്പു നൽകിയതായി ഫയലിൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ ലിസ്ററ് ലഭ്യമാക്കാത്തതിനെ തുടർന്ന് അധികമായി കാണിച്ചിരിക്കുന്ന തുക നൽകാൻ നിർവ്വാഹമില്ലെന്നും സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നും കാണിച്ച് 9.8.2017ൽ എ4/55/17 നമ്പറായി സെക്രട്ടറി കേരള വാട്ടർ അതോറിററി അസി.എഞ്ചിനീയർ, കൊട്ടവള്ളിക്ക് കത്തയച്ചതായി കാണുന്നു.

42 പൊതുടാപ്പുകൾക്ക് വാട്ടർചാർജ്ജ് കണക്കാക്കി കെ.ഡബ്ല്യൂ.എ. ഡിമാന്റ് നോട്ടീസ് നൽകുന്നത് തുടരുകയും 40 ടാപ്പുകളുടെ വെള്ളക്കരം മാത്രം പഞ്ചായത്ത് ഒടുക്കുകയും ചെയ്യതിനാൽ 31.3.2018 ന് വാട്ടർചാർജ്ജിനത്തിൽ പിഴയടക്കം 28237/-രൂപ കുടിശ്ശികയുള്ളതായി ബിൽ നം.24624/6.4.2018 പ്രകാരം കാണുന്നു. 4.5.2018ലെ എ5/2725/18 നമ്പർ കത്ത് പ്രകാരം അധിക തുക ഒടുക്കാൻ നിർവ്വാഹമില്ലെന്ന് സെക്രട്ടറി വാട്ടർ അതോറിററി അസി.എഞ്ചിനീയറെ വീണ്ടും അറിയിച്ചതിനെതുടർന്ന് 14.5.2018 ന് അസി.എഞ്ചിനീയർ ഗ്രാമപഞ്ചായത്ത് പരിധിയിലെ മൊത്തം സ്റ്റീററ് ടാപ്പുകളുടെ ലിസ്ററ് ലഭ്യമാക്കിയിട്ടുണ്ട്. 2009ലെ സംയുക്ത പരിശോധനപ്രകാരവും കെ.ഡബ്ല്യൂ.എയിലെ രേഖകൾ പ്രകാരവുമുള്ള 42 ടാപ്പുകളുടെ ലിസ്ററാണ് ലഭ്യമാക്കിയിട്ടുള്ളത്.

വാട്ടർ അതോറിററി മാനേജിംഗ് ഡയറക്ടറുടെ 16.3.2018ലെ അഭ്യർത്ഥനയെ തുടർന്ന് ധനകാര്യവകുപ്പ് സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം വാട്ടർ ചാർജ്ജിനത്തിൽ കുടിശ്ശിക വരുത്തിയ ഗ്രാമപഞ്ചായത്തുകളുടെ കുടിശ്ശിക തുക പദ്ധതിപദ്ധതിയേതര വിഹിതത്തിൽ നിന്നും കുറവു വരുത്താൻ പഞ്ചായത്തു വകുപ്പ് നടപടി സ്വീകരിച്ചു വരികയാണ്. ഈ സാഹചര്യത്തിൽ കുടിശ്ശികയെ സംബന്ധിച്ച് വ്യക്തതവരുത്തേണ്ടത് അനിവാര്യമാണ്. എന്നാൽ പ്രസ്തുത ലിസ്ററ് പരിശോധിച്ച് നിലവിലുള്ള ടാപ്പുകളുടെ എണ്ണം ഉറപ്പുവരുത്തുന്നതിനും സംയുക്ത പരിശോധന നടത്തുന്നതിനുമുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചു കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറിക്ക് (നം.26/17-18/21.11.2018) വാർഡ് ക്ലാർക്കുമാരുടെ നേതൃത്വത്തിൽ വാട്ടർ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് ഫീൽഡ് തല പരിശോധന പൂർത്തീകരിച്ചുവരുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ച് വാട്ടർ ചാർജ്ജ് കണക്കാക്കിയതിലെ അപാകത പരിഹരിച്ച് വിവരം ഓഡിററിനെ അറിയിക്കേണ്ടതാണ്.

## 3-20 കാലഹരണപ്പെട്ട ഡിപ്പോസിററുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ഡിപ്പോസിററ് രജിസ്റ്റർ പരിശോധിച്ചതിൽ, ഡെപ്പോസിററ് ഇനത്തിൽ വിവിധ വർഷങ്ങളിൽ വരവുവന്നിട്ടുള്ള തുകകളിൽ പിൻവലിക്കാതെ അവശേഷിക്കുന്ന ഡെപ്പോസിററ് തുകകൾ വർഷം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. ഡെപ്പോസിററ് രജിസ്റ്ററിലെ വിവിധയിനങ്ങളിലെ മുന്നിരിപ്പു തുകയുടെ കൃത്യത ഉറപ്പുവരുത്തി വിവിധയിനങ്ങളിലായി അവശേഷിക്കുന്ന കാലഹരണപ്പെട്ട ഡിപ്പോസിററുകൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.ആയതിനാൽ ഓഡിററു വർഷം കാലഹരണപ്പെട്ട ഡെപ്പോസിററുകൾ തിരിച്ചറിയുന്നതിനും ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറിക്ക് (നം.25/17-18/21.11.2018) സെക്രട്ടറി നൽകിയ മറുപടിയിൽ സാംഖ്യ ആരംഭിച്ച കാലയളവിൽ ഡെപ്പോസിററ് ഹെഡിൽ കാണിച്ച മുൻ വർഷനീക്കിയിരിപ്പും മാന്വൽ ആയി സൂക്ഷിച്ച ഡെപ്പോസിററ് രജിസ്റ്ററിലെ മുൻവർഷ നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം കാരണം കാലഹരണപ്പെട്ട ഡെപ്പോസിററുകൾ വേർതിരിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ആയത് വേർതിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിവിധയിനങ്ങളിലായി അവശേഷിക്കുന്ന മുൻവർഷ ഡെപ്പോസിററുകളുടെ മുന്നിരിപ്പിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തി കാലഹരണപ്പെട്ട ഡെപ്പോസിററുകൾ കണ്ടെത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-21 പൗരാവകാശരേഖ തയ്യാറാക്കിയില്ല

2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം പൊതു തിരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു പഞ്ചായത്ത് രൂപീകരിക്കപ്പെട്ടതിന് ശേഷം കഴിയുന്നതും നേരത്തെ എന്നാൽ 6 മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് എന്തെല്ലാം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും, അത്തരം ഒരു സേവനം ലഭ്യമാക്കുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും ഇത് എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിരിക്കണമെന്നും തീരുമാനിക്കുകയും, ചട്ടം 4 പ്രകാരം പൊതുജനങ്ങളുടെ അറിവിലേക്കായി ഓഫീസ് നോട്ടീസ് ബോർഡിലും മറ്റ് പഞ്ചായത്ത് പ്രദേശത്തെ പൊതു സ്ഥലങ്ങളിലെ നോട്ടീസ് ബോർഡുകളിലും പതിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും ഇത്

അച്ചടിച്ച് പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാകുന്നു. എന്നാൽ 2015ൽ പഞ്ചായത്തിൽ പുതിയ ഭരണസമിതി നിലവിൽവന്നതിന് ശേഷം പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്താൻ നാളിതുവരെ തുടർ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. ചട്ടപ്രകാരം പൗരാവകാശ രേഖ പ്രസിദ്ധീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ഭരണകാര്യക്ഷമത ഉറപ്പാക്കുന്നതിനും ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ സമയബന്ധിതമായി ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും പൌരാവകാശ രേഖ പ്രസിദ്ധീകരിക്കേണ്ടത് അനിവാര്യമാണ്. പൌരാവകാശ രേഖ പ്രസിദ്ധീകരിച്ച് ഭരണകാര്യക്ഷമത പ്രദാനം ചെയ്യുന്നതിനും പഞ്ചായത്തിന്റെ സേവനം ഉദ്ദേശിക്കപ്പെട്ട സമയപരിധിക്കകം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 3-22 പഞ്ചായത്ത് വക വാഹന ഉപയോഗം : മാർഗ്ഗരേഖ പാലിക്കുന്നതിൽ വീഴ്ച

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയുടെ ചുമതലയാണ്. ഈ ചുമതലകൾ ശരിയായി നിർവ്വഹിക്കുന്നതിനായി ജി.ഒ.(എം.എസ്.)170/07/ത.സ്വ.ഭ.വ./30.6.2007, 41/2008/ഫിൻ./2.8.2008 നമ്പർ സർക്കുലർ എന്നിവ പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. KL-11/AS 9090 നമ്പറിലുള്ള പഞ്ചായത്ത് വക ജീപ്പിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ പഞ്ചായത്ത് വക വാഹനം പരിപാലിക്കുന്നതിൽ ചുവടെ ചേർത്ത അപാകതകൾ ഓഡിററിന്റെ ശ്രദ്ധയിൽ പെടുകയുണ്ടായി.

1. ജി.ഒ.(എം.എസ്)170/07/ത.സ്വ.ഭ.വ/30.6.2007 പ്രകാരം വാഹനത്തിന്റെ ഇന്ധനക്ഷമതാ പരിശോധന എല്ലാവർഷവും കൃത്യസമയത്ത് സർക്കാരിന്റെ മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധനക്ഷമതാ സർട്ടിഫിക്കററ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് വക വാഹനത്തിന്റെ 2017ലെ ഇന്ധനക്ഷമതാ സർട്ടിഫിക്കററ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
2. വാഹനത്തിന്റെ ലോഗ്ബുക്ക് കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമ പ്രകാരമാണെന്ന് ഉറപ്പുവരുത്തേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ 27.9.2018 ന ശേഷം ഓഡിററ് തീയതി (19.11.2018)വരെ സെക്രട്ടറി ലോഗ്ബുക്ക് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. മാർഗ്ഗരേഖ പ്രകാരം നിർബന്ധമായും സൂക്ഷിക്കേണ്ട റിപ്പയർ രജിസ്റ്റർ,ഫ്യൂവൽ രജിസ്റ്റർ, എന്നിവ കസ്റ്റോഡിയൻ ഓഫീസർ സൂക്ഷിക്കുന്നില്ല. ഓഡിററ് കാലയളവിൽ വാഹനത്തിന് ഒട്ടേറെ റിപ്പയർ പ്രവൃത്തി നടത്തിയിട്ടുണ്ടെങ്കിലും റിപ്പയർ സംബന്ധിച്ച വിവരങ്ങൾ യാതൊന്നും തന്നെലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
4. ഓരോ യാത്രയും ഡ്രൈവർ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും ആയത് യാത്ര ചെയ്യുആൾ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ പല ദിവസങ്ങളിലെയും യാത്രകൾ ബന്ധപ്പെട്ട വ്യക്തികൾ സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാ: 7.6.2017, 12.6.2017, 19.6.2017, 22.6.2017, 28.6.2017, 10.7.2017, 4.11.2017, 7.11.2017, 30.11.2017, 1.12.2017, 5.12.2017, 11.1.2018, 8.2.2018, 26.2.2018, 9.10.2018, 12.10.2018. 26.10.2018 മുതൽ ഓഡിററ് തീയതി (19.11.2018 ) വരെയുള്ള യാത്രകളും ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല
5. തൻമാസത്തെ ഇന്ധന ഉപയോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ്ബുക്കിൽ തൻമാസം അവസാനത്തെ ദിവസംതന്നെ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം മാസാന്ത്യ സംക്ഷിപ്തം ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
6. വാഹനത്തിൽ ഇന്ധനം നിറയ്ക്കുമ്പോൾ ഇന്ധനം നിറച്ച തീയതി, ടാങ്കിൽ ആകെയുള്ള ഇന്ധനത്തിന്റെ അളവ്, ആ സമയത്തെ കിലോമീററർ റീഡിംഗ്, ഇന്ധനം നിറയ്ക്കുമ്പോൾ ഹാജരായിട്ടുള്ള ഉദ്യോഗസ്ഥന്റെ ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഓഡിററ് കാലയളവിൽ ഇന്ധനം നിറച്ചതു സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലുകളും ലോഗ് ബുക്കിൽ വരുത്തിയിട്ടില്ല. 10.1.2018 ന ശേഷമാണ് ഇതുസംബന്ധിച്ച വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തി തുടങ്ങിയിട്ടുള്ളത്.

വാഹന ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവയിലെ മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ വാഹനം ഉപയോഗിക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. വാഹനങ്ങളുടെ ഉപയോഗം, സംരക്ഷണം എന്നിവക്ക് കൺട്രോളിംഗ്

ഓഫീസർക്ക് പൂർണ്ണ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്. അപാകതക്ക് വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറിക്ക് (നം.27/17-18)സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്ററിനെ അറിയിക്കേണ്ടതും മേലിൽ ഇത്തരംഅപാകതകൾ ഉണ്ടാകാതിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-23 പത്രപരസ്യങ്ങൾ -പരസ്യചാർജ്ജിൽ അർഹമായ ഇളവ് പ്രയോജനപ്പെടുത്തിയില്ല

2017 -18 വർഷത്തിൽ പഞ്ചായത്തിൽ നിന്നും നല്കിയ പത്ര പരസ്യ ചാർജ്ജ് പരിശോധിച്ചതിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് അർഹതയുണ്ടായിരുന്ന 15 ശതമാനം ഇളവ് പ്രയോജനപ്പെടുത്താതെയാണ് തുക നല്കിയത് എന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൌച്ചർ നമ്പർ/തീയതി | തുക (രൂ) |
|---|---|
| 21700085/2.5.2017 | 10080 |
| 21700223/16.6.2017 | 6720 |
| 21700535/11.10.2017 | 5280 |
| 21700536/11.10.2017 | 5760 |
| 21700537/11.10.2017 | 7056 |
| 21700534/11.10.2017 | 10800 |

സ.ഉ.നം.17/(പി)ഐ.&പി.ആർഡി/തിയ്യതി 8.12.15 പ്രകാരം എ.ബി.സി സർക്കുലേഷനുള്ള പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് നിരക്ക് പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. പരസ്യത്തിന്റെ ഉയരം സെന്റീ മീറ്ററിലും വീതി കോളം അടിസ്ഥാനത്തിലും കണക്കാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് 15 ശതമാനം ഡിസ്കൗണ്ടും അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ആനുകൂല്യം പ്രയോജനപ്പെടുത്താതെയാണ് പത്രങ്ങൾക്ക് തുക നല്കിയത്. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് ലഭ്യമാക്കിയ ഓഡിററ് എൻക്വയറിക്ക് (നം.24/17-18) സെക്രട്ടറി നൽകിയ മറുപടിയിൽ, പരസ്യം പ്രസിദ്ധീകരിച്ച പത്രസ്ഥാപനങ്ങളുമായി ബന്ധപ്പെട്ടപ്പോൾ സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഡിസ്ക്കൌണ്ട് അനുവദിച്ചുതരുന്നതാണെന്ന് സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ടെന്നും അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഡിസ്ക്കൌണ്ട് ലഭ്യമാക്കി വിവരം ഓഡിററിനെ അറിയിക്കേണ്ടതാണ്

## 3-24 റോഡ് കണക്ടിവിറ്റി മാപ്പ് ഇല്ലാതെ റോഡ് വികസന പ്രവർത്തനങ്ങൾ നടത്തുന്നു

ഗ്രാമപഞ്ചായത്ത് റോഡ് വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ്- 29-3 -2017 ലെ ജി.ഒ (എം.എസ്) 72/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.10 (1) പ്രകാരം പഞ്ചായത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത് പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതി കണക്ടിവിറ്റി മാപ്പില്ലാതെ ചെയിനേജ് വ്യക്തമാക്കാതെ പദ്ധതി നടപ്പാക്കുന്നത് പ്രവർത്തി നടത്തിപ്പിൽ വ്യക്തത ഇല്ലാതിരിക്കുന്നതിനും പ്രവർത്തികളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നതിനും ഇടയാകുന്ന സാഹചര്യം ഉണ്ടാകുന്നതിനും പാഴ്ചെലവുണ്ടാകുന്നതിനും ഇടയാക്കുന്നു. കൃത്യമായ കണക്ടിവിറ്റി യില്ലാതെ സമഗ്ര പദ്ധതികൾ തയ്യാറാക്കാതെ ചെറിയ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-25 സമയ ബന്ധിതമായി പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ ടെണ്ടർ നടപടികളിലൂടെ കരാറുകാർക്ക് നൽകുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിയ്ക്കാത്തതു മൂലം പ്രവൃത്തികൾ പലതും സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കേണ്ട സമയം സംബന്ധിച്ച് പ്രൊജക്ട് കലണ്ടർ കരാറിനോടൊപ്പം ഇല്ല. പ്രവർത്തി ആരംഭിയ്ക്കുന്നതിനായി സ്ഥലം കരാറുകാർക്ക് കൈമാറുന്നത് സംബന്ധിച്ച് രേഖകളൊന്നും എല്ലാ പ്രവൃത്തി ഫയലിലും ഇല്ല. വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പുകൾ വഴി പ്രവൃത്തി പുരോഗതി മോണിട്ടറിംഗ് നടത്തി വൈകിയ പ്രവൃത്തികളിൽ നിർദ്ദേശങ്ങൾ നല്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാർക്കെതിരെ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കാൻ വൈകിയ പ്രവർത്തികളിൽ ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് | കരാർ | പ്രവർത്തി പൂർത്തിയാക്കിയ തിയ്യതി | ചെലവ് |
|---|---|---|---|
| ചെറുവറ്റ വാഴയിൽ റോഡ് 262/18(സ്പിൽ ഓവർ) | AE/15/15-16/ 09-09-2015 ശ്രീ. രത്നാകരൻ.കെ | 06-02-2017 (M -book-136/16-17 ) | 299699 മെയിന്റനൻസ് ഗ്രാന്റ് ബിൽ നം. 37/17-18 06-01-18 |
| കുരുവട്ടൂർ കളോളി പൊയിൽ റോഡ് 67/18(സ്പിൽ ഓവർ) | AE/51/16-17/ 07-03-2017 ശ്രീ. വിജീഷ്. പി.ആർ | 13-03-2018 (M -book-248/16-17 ) | 200000 തനത് ഫണ്ട് ബിൽ നം. 1603520147/19-03-18 |
| എടക്കിനാറമ്പ് റോഡ് 59/18(സ്പിൽ ഓവർ) | AE/72/16-17/ 31-03-2017 ശ്രീ.കെ.സി. സുരേഷ് | 15-01-2018 (M -book-206/16-17 | 200000 വികസന ഫണ്ട് (എസ്.സി.പി) ബിൽ നം. 43/17-18 09-02-18 |

പ്രവർത്തികൾ പൂർത്തിയാകുന്നതിൽ കാല താമസത്തിന് കാരണം എന്തെന്ന് ഫയലിൽ വ്യക്തമല്ല. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്ന സംഗതിയിൽ ജി.ഒ.(പി) 13/2012/PWD നമ്പർ പുതുക്കിയ മാന്വൽ 2112-1 പ്രകാരം പിഴ ഈടാക്കി ദീർഘിപ്പിച്ചു നൽകാം. ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവഹിച്ച പ്രവൃത്തികൾക്ക് തുക നൽകാവുന്നതല്ല. എന്നാൽ മേൽ പ്രവൃത്തികളിൽ പ്രവൃത്തി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും ദീർഘീകരണം ലഭ്യമാകാതെ കാലതാമസം വരുത്തിയ കരാറുകാർക്കെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകിയ നടപടി ക്രമപ്രകാരമല്ല. പ്രവൃത്തി വൈകിയതിന് നിയമാനുസൃത പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം

| തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് | |
|---|---|---|---|---|---|
| കുന്ദമംഗലംബ്ലോക്ക് പഞ്ചായത്ത് | 2016-17 | 400000 | മാലിന്യ നിർമ്മാർജ്ജനം | 0 | 400000 |
| | 2017-18 | 42500 | നെൽക്കൃഷി കർഷകർക്ക് കൂലി | 42500 | 0 |
| | 2017-18 | 300000 | പാലിന് സബ്സിഡി | 300000 | 0 |
| | 2017-18 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 398500 | (-)98500 |
| | 2017-18 | 1000000 | കുരുവട്ടൂർ നോർത്ത് സാമൂഹ്യ കുടിവെള്ള പദ്ധതി | 624571 | 375429 |
| | 2017-18 | 200000 | കിണർ റീചാർജ്ജ് | 0 | 200000 |
| കോഴിക്കോട്ജില്ലാപഞ്ചായത്ത് | 2017-18 | 864776 | പുൽപറമ്പിൽ മാരാത്ത് മീത്തൽ കുടിവെള്ള പദ്ധതി | 607980 | 256796 |
| | 2017-18 | 100000 | പാലിന് സബ്സിഡി | 100000 | 0 |
| | 2017-18 | 42500 | നെൽക്കൃഷി കർഷകർക്ക് കൂലി | 42500 | 0 |
| | 2017-18 | 400000 | ആകാശ ഗംഗ കിണർ റീചാർജ്ജ് | 0 | 400000 |
| | 2017-18 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | 2017-18 | 1200000 | കുരുവട്ടൂർ നോർത്ത് സാമൂഹ്യ കുടിവെള്ള പദ്ധതി വിതരണ ശൃംഗല നീട്ടൽ | 0 | 1200000 |
| | 2017-18 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 82200 | 217800 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് മുൻകൂറായി താഴെ പറയുംപ്രകാരം തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ളിയു.ഡി. | അടിയോടിപറമ്പ് അങ്കണവാടി നിർമ്മാണം | ബിൽ നം.34/17-18 /3.12.17 | 600000 | 0 | 600000 |
| പി.ഡബ്ളിയു.ഡി. | കവലയിൽ അങ്കണവാടി നിർമ്മാണം | ബിൽ നം.96/17-18 /28.3.2018, ചെക്ക് നം.9460709/28.3.2018 | 580000 | 0 | 580000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ലോൺ | സ.ഉ.(എം.എസ്.) 533/10 /18.2.2010 | 12325000 | 1579790 | ഇല്ല | — | 1579790 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 7500 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |

| | |
|---|---|
| ആകെ | 7500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രിയുടെ ഷെയർ നം.2987 | ലഭ്യമല്ല | ലഭ്യമല്ല | 2500 | |
| 2. | കരിപ്പൂർ വിമാനത്താവളം പലിശ രഹിത നിക്ഷേപം | ലഭ്യമല്ല | ലഭ്യമല്ല | 5000 | |
| ആകെ | | | | 7500 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2850/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3-11 | 2850 | രാജൻ.എ. പി.ടി.എസ്. | 117010103424/5.12.2017 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 30 (a) | 2003-04 (പൊതുപരാമർശം) | 11.13..21 | നികുതി പിരിവിൽ അലംഭാവം | |
| 1999-2000 | | 2003-04 | 11.14 | മണൽ ലേലം ക്രമക്കേട് | |

| | | | | | |
|---|---|---|---|---|---|
| 2000-01 | | 2004-05 (പൊതുപരാമർശം | 11.13.10 | നികുതി പിരിവിൽ അലംഭാവം | |
| 2001-02 | | 2004-05 | 11.13.50 | നികുതി പിരിവിൽ അലംഭാവം | |
| 2002-03 | 3-2 | 2006-07 (പൊതുപരാമർശം) | 3.79.5.12 | വാട്ടർ ചാർജ്ജ് | |
| 2002-03 | 3-5 | 2006-07 (പൊതുപരാമർശം) | 3.79.6.12 | മണൽവിൽപ്പന | |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-5 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോ ഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടി ഫിക്കറ്റ് | | സ്വയം അടവാ ക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയ തി) | കോടതി വ്യവഹാ രങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർ ക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയ തിയും | തുക | | | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | ഇല്ല | | | | | | | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | ഇല്ല | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 79261770 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 73475749 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 15043 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3240 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1721000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | | |
| 2-4 | 15043 | | ശ്രീമതി.രാധിക.എൻ.ആർ, സെക്രട്ടറി | ശ്രീമതി.രാധിക.എൻ.ആർ, സെക്രട്ടറി |
| 3-15 | | 3240 | ബിസിനി, അസി.എഞ്ചിനീയർ | “ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും |
|---|---|---|---|
| 3-1 | 21000 | ഡോ. ഉണ്ണിക്കൃഷ്ണൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | |
| 3-2 | 1200000 | ശ്രീ.നിഷാന്ത്. ആർ, അസി.സെക്രട്ടറി | |
| 3-14 | 500000 | ഡോ: സജി. വെറ്ററനറിസർജ്ജൻ | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 2-4 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.രാധിക.എൻ.ആർ, സെക്രട്ടറി | സെക്രട്ടറി,കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് | കുളങ്ങരകുടിവീട്, വെങ്ങാലിൽ അപ്പാർട്ട്മെന്റ്, 1A, തളി, ചാലിൽ (പി.ഒ) |

| | | |
|---|---|---|
| ശ്രീമതി.ബിസിനി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി.,കോഴിക്കോട് കോർപറേഷൻ | പനച്ചിങ്ങൽ, വള്ളിയോൾ, മാവൂർ (പി.ഒ), കോഴിക്കോട് |
| ഡോ. ഉണ്ണികൃഷ്ണൻ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. കുരുവട്ടൂർ | നന്ദനം എലിയോട്ട് പറമ്പ് തിരുത്തിയാട്, പുതിയറ |
| ശ്രീ. നിഷാന്ത്. ആർ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് | ഫ്ലോറിയേറ്റ്, എ.കെ.വി.കെ. റോഡ് ചേവായൂർ പി.ഒ. കോഴിക്കോട് |
| ഡോ. സജി, വെറ്ററനറി സർജൻ | വെറ്ററനറി സർജൻ, വെറ്ററനറി ഡിസ്പൻസറിസ കുരുവട്ടൂർ | 2/1998 പാരഡൈസ് വിഷൻ സിവിൽ സ്റ്റേഷൻ കോഴിക്കോട് |

## **4-10** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് |
|---|---|---|---|
| 1994-95 | എൽ.എഫ്.കെ.കെ.ഡി/പി3/2079/13 /22.4.14 | 19 (1) (3) | |
| 1997-98 | എൽ.എഫ്.കെ.കെ.ഡി/പി3/2078/13 /22.4.14 | 40, 54 | |
| 1999-2000 | എൽ.എഫ്.കെ.കെ.ഡി/പി3/82/14/22.4.14 | 27(1), 27(2), 29, 30(എ), 31, 35,36, 38, 39, 40, 41, 42, 43 | |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി3/1533/09(12) തീയതി 07.06.2011 | 7 | |

| | | | |
|---|---|---|---|
| | | | |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി3/1533/09(13) തീയതി 07.06.2011 | 3-2, 3-5 | |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി3/1533/09(14) തീയതി 07.06.2011 | 3-2, 3-3, 3-7, 4-6(ബി) | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി3/1533/09(15) തീയതി 07.06.2011 | 2-3, 3-2, 3-4,3-7, 3-8, 3-9, 3-10, 3-11 | |
| 2006-07 | | | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി3/1271/2011 തീയതി 05.07.2012 | 2-1, 2-2(2), 2-3, 2-5, 2-6(1), 2-8(1), 2-9, 3-1, 3-2, 3-3, 3-4, 3-7, 3-8, 3-10, 3-12, 3-13, 3-14, 3-15, 3-18, 3-19, 3-20, 3-21 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി3/660/ 2012 തീയതി 22.06.2012 | 1-1, 1-6, 2-2, 3-1, 3-2, 3-3, 3-5, 3-6, 3-7, 3-9, 3-11, 4-3, 4-6, 4-7 | |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി3/1660/2012 തീയതി 05.07.2012 | 2-2, 2-3, 2-4, 2-5, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-23, 4-3, 4-6,4-7 | |

| | | | |
|---|---|---|---|
| | | | |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി/പി3/54/14 തീയതി 02.05.2014 | 1-5, 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-15 | |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി./പി3/1458/15 /9.10.15 | 1-1, 1-2, 1-3, 1-6, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 4-1 | |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി./പി3/1163/16 /28.7.17 | 2-1-1, 2-1-2, 2-1-3, 2-1-4, 2-1-5,2-1-6, 2-3-1,2-3-2, 2-4,2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10,3-11, 3-12, 4-9 | |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./പി3/1942/17 /3.1.18 | 2-1, 2-2, 2-3,2-4,2-5, 2-6, 2-7, 2-8, 3-1, 3-2, 3-3, 3-4-1, 3-4-2, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14,3-15, 3-16, 4-9 | |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./പി3/1749/2018 തീയതി 06.10.2018 | 2-1-1,2-1-2, 2-1-3, 2-1-4, 2-1-6, 2-2, 2-3, 2-5, 2-6, 2-7, 2-8, 3-2, 3-4, 3-6, 3-7, 3-8, 3-10, 4-9 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം.1

### ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.പി.3/2626/2018 തിയതി 05.01.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്